**സ്റ്റാൻഡേർഡ് – X**

# അടിസ്ഥാന പാഠാവലി

# ആമുഖം

കൊല്ലം ജില്ലാ പഞ്ചായത്തും പൊതുവിദ്യാഭ്യാസ വകുപ്പും കൊല്ലം ഡയറ്റിന്റെ അക്കാദമിക പിന്തുണയോടെ പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള പഠനസാമഗ്രിയാണ് **'ഉജ്ജ്വലം'**. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കൊല്ലം ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനനേട്ടങ്ങൾ ഉറപ്പാക്കി പരീക്ഷാഫലം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോവിഡ് കാലഘട്ടത്തിൽ സ്വാഭാവിക ക്ലാസ്സന്തരീക്ഷം സാധ്യമല്ലാതിരുന്ന സാഹചര്യത്തിലുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനും വേണ്ടി നൂതന സാങ്കേതികവിദ്യയുടെ കൂടി സഹായത്തോടെ തയ്യാറാക്കിയ പഠനസാമഗ്രിയാണിത്. കഴിഞ്ഞ വിദ്യാലയ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 'A+' കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉജ്ജ്വലത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ പഠനസഹായി ഉപയോഗിച്ചുകൊണ്ട് 60% പരീക്ഷാചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾക്ക് കഴിഞ്ഞു. എസ്.എസ്.എൽ.സി. പരീക്ഷയെ സ്വാഭാവിക സന്ദർഭത്തിൽ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന വിധത്തിലാണ് ഇതിലെ ഓരോ യൂണിറ്റും ക്രമീകരിച്ചിരിക്കുന്നത്. ഒപ്പം മാതൃകാചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സ്വന്തമായും അദ്ധ്യാപകരുടെ ഇടപെടലോടെയും പഠനം ഉറപ്പാക്കുന്ന രീതിയിലാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. ക്ലാസ്റൂം പഠന പ്രവർത്തനങ്ങളോടൊപ്പം സ്വാഭാവിക സന്ദർഭം കൂടി ഒരുക്കി കുട്ടികളെ ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ പ്രാപ്തരാക്കുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. **'ഉജ്ജ്വലം'** പഠനസാമഗ്രി പരമാവധി പ്രയോജനപ്പെടുത്തി പ്രതിജ്ഞാബദ്ധതയോടുകൂടി അക്കാദമിക പ്രവർത്തനങ്ങളിലേർപ്പെട്ട് ജില്ലയിലെ എസ്.എസ്.എൽ.സി വിജയം 100% ഉറപ്പാക്കുന്നതിന് എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.

വിജയാശംസകളോടെ...

**സാം കെ. ഡാനിയേൽ**
പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്

**ഡോ. പി.കെ. ഗോപൻ**
ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി,
ജില്ലാ പഞ്ചായത്ത്, കൊല്ലം.

**ലാൽ കെ.ഐ**
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

**ഡോ. എസ്. ഷീജ**
പ്രിൻസിപ്പാൾ - ഇൻ - ചാർജ്, ഡയറ്റ്, കൊല്ലം.

# തയ്യാറാക്കിയവർ

1. **ദിനേശ്. എസ്**
   ജി. വി. എച്ച്. എസ്. എസ്., പട്ടാഴി
2. **ജസീന. എ**
   ഗവ: എച്ച്. എസ്. കേരളപുരം
3. **ഗീതാകുമാരി അമ്മ എം. ജി.**
   ഗവ: എച്ച്. എസ്. എസ്. അഞ്ചൽ വെസ്റ്റ്

## സൂക്ഷ്മപരിശോധന

**ജി. എസ്. ദിലീപ്കുമാർ**
സീനിയർ ലക്ചറർ, ഡയറ്റ് കൊല്ലം.

# ഉള്ളടക്കം


യൂണിറ്റ് – I **ജീവിതം പടർത്തുന്ന വേരുകൾ**

1. പ്ലാവിലക്കഞ്ഞി
2. ഓരോ വിളിയും കാത്ത്
3. അമ്മത്തൊട്ടിൽ

യൂണിറ്റ് – II **നിലാവ് പെയ്യുന്ന നാട്ടുവഴികൾ**


1. കൊച്ചുചക്കരെച്ചി
2. ഓണമുറ്റത്ത്
3. കോഴിയും കിഴവിയും
4. ശ്രീനാരായണഗുരു

യൂണിറ്റ് – III **വാക്കുകൾ വിടരുന്ന പുലരികൾ**

1. പത്രനീതി
2. പണയം
3. അമ്മയുടെ എഴുത്തുകൾ

# യൂണിറ്റ് - I

# ജീവിതം പടർത്തുന്ന വേരുകൾ




## ആമുഖം

ആധുനിക കാലത്ത് ഓരോ മനുഷ്യനും സ്വന്തം സുഖങ്ങൾ മാത്രംനോക്ക് പോകുമ്പോൾ, പരസ്പര സഹകരണത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും കണ്ണിയറ്റു പോകുന്നു ജീവിക്കുന്ന ചുറ്റുപാടിനേയും സഹജീവികളെയും സ്നേഹിക്കാനും സംരക്ഷിക്കാനും സഹായിക്കാനും ഓർമ്മപ്പെടുത്തുന്ന പാഠങ്ങളാണ് ഈ യൂണിറ്റിലുള്ളത്. ഇല്ലായ്മകളെ പരസ്പരം സ്നേഹത്തിലൂടെ മറികടക്കുന്നവരാണ് പ്ലാവിലക്കഞ്ഞിയിലെ കോരനും ചിരുതയും. കൊടും ദാരിദ്ര്യത്തിലും സ്വന്തം അപ്പന് വയറുനിറച്ച് ചോറുകൊടുക്കാൻ ശ്രമിക്കുന്ന മകൻ, മാതാപിതാക്കളെ ഭാരമായിക്കാണുന്ന പുതുതലമുറയിലെ മക്കൾക്ക് മാതൃകയാണ്. കുടുംബബന്ധങ്ങളുടെ ഇഴയടുപ്പം വ്യക്തമാക്കിത്തരുന്ന പാഠഭാഗമാണ് യു.കെ കുമാരന്റെ 'ഓരോ വിളിയും കാത്ത്'. ഈ കഥയിലെ അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധമാണ് കഥയുടെ സൗന്ദര്യം. അച്ഛൻ മരിച്ചിട്ടും അച്ഛന്റെ ശബ്ദവും സാന്നിദ്ധ്യവും അമ്മയെ ചൂഴ്ന്നു നില്ക്കുന്നു. അതുപോലെ

അമ്മയെ തനിച്ചാക്കി നഗരത്തിലേക്ക് മടങ്ങാൻ മടിക്കുന്ന മകൻ പുത്രസ്നേഹത്തിന്റെ ഉത്തമ മാതൃക കൂടിയാണ്.

ഒറ്റപ്പെട്ടു പോകുന്ന വാർദ്ധക്യത്തിന്റെ ചിത്രങ്ങൾ വർത്തമാനകാലത്തെ നിത്യസംഭവങ്ങളാണ്. ആധുനിക കാലത്ത് അണുകുടുംബങ്ങളിലേക്ക് ജീവിതം ചുരുങ്ങിയിരിക്കുന്നു. വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ പുതുതലമുറയ്ക്ക് കഴിയുന്നില്ല. റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ ഈ വർത്തമാനകാല യാഥാർത്ഥ്യത്തിന്റെ നേർക്കാഴ്ചയാണ്. സ്നേഹ ശൂന്യതയും സ്വാർത്ഥ ചിന്തയും മനുഷ്യരിൽ നിന്നും മനുഷ്യത്വം കവർന്നെടുത്തിരിക്കുന്നു. സമകാലിക സംഭവങ്ങളെ ഓർമ്മപ്പെടുത്തുന്നതിനോടൊപ്പം മാനവികതയെ മനസ്സിൽ ഊട്ടിയുറപ്പിക്കാൻ പ്രേരണ നൽകുന്ന പാഠഭാഗങ്ങളാണ് ഈ യൂണിറ്റിലുള്ളത്.

**പാഠഭാഗങ്ങൾ**

| | | |
|---|---|---|
| പ്ലാവിലക്കഞ്ഞി | – | തകഴിശിവശങ്കരപ്പിള്ള |
| ഓരോവിളിയും കാത്ത് | – | യു.കെ കുമാരൻ |
| അമ്മത്തൊട്ടിൽ | – | റഫീക്ക് അഹമ്മദ് |

# പാഠം – 1

# പ്ലാവിലക്കഞ്ഞി

## തകഴി ശിവശങ്കരപിള്ള

കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ സുഖദുഃഖ സമ്മിശ്രമായ ജീവിത യാഥാർത്ഥ്യങ്ങൾ അതീവ ഹൃദ്യമായി പകർത്തുന്ന നോവലാണ് 'രണ്ടിടങ്ങഴി' കുട്ടനാട്ടിലെ വർഗ്ഗബോധം വന്ന പുലയരുടെയും പറയരുടെയും കഥ. കോരനും ചിരുതയും തമ്മിലുള്ള വിവാഹം, സ്നേഹവും നിഷ്കളങ്കതയും നിറഞ്ഞുനിൽക്കുന്ന അവരുടെ ഗാർഹിക ജീവിതം കുട്ടനാടൻ പാടങ്ങളിലെ കർഷകരുടെ ദൈനംദിന ജീവിതം, തൊഴിലാളികളും തമ്പുരാന്മാരും തമ്മിൽ ആദ്യമൊക്കെ നിലനിന്ന സൗഹാർദ്ദം, പിന്നീടു വളർന്നുവന്ന സംഘർഷം ഇവയെല്ലാം റിയലിസ്റ്റിക് കലയുടെ ഉജ്ജ്വലമായ മാസ്കരിക ശക്തിയോടെ ചിത്രീകരിക്കുന്ന നോവലാണ് 'രണ്ടിടങ്ങഴ്'

'രണ്ടിടങ്ങഴി' എന്ന നോവലിലെ പതിനേഴാം അധ്യായമാണ് പ്ലാവിലക്കഞ്ഞിഎന്ന പാഠഭാഗം. കുട്ടനാട്ടിലെ ജന്മിയായിരുന്ന പുഷ്പവേലിൽ ഔസേപ്പ്, അയാളുടെ അടിയാളനായ കോരൻ, ഭാര്യ ചിരുത, അച്ഛനായ വെളുത്ത എന്നിവരാണ് പ്രധാനകഥാപാത്രങ്ങൾ. അന്നന്നത്തെ അത്താഴത്തിനു പോലും നെല്ല് ലഭിക്കാത്തതുമൂലം കൊടിയ ദാരിദ്ര്യം അനുഭവിക്കേണ്ടി വന്ന കോരന്റെയും ചിരുതയുടെയും കഥ. നെല്ല് കൂലികിട്ടേണ്ട തൊഴിലാളികൾ ഒരു പ്ലാവില കഞ്ഞിക്കുപോലും വകയില്ലാതെ പട്ടിണി കിടക്കേണ്ടി വരുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നൽകി നെല്ല് ഉയർന്ന വിലയ്ക്ക് മറിച്ച് വിൽക്കുന്നു. ഈ കൊടിയ ദാരിദ്ര്യത്തിനിടയിലും കോരനും ചിരുതയും ജീവിതത്തിന്റെ ഇല്ലായ്മകളെ സ്നേഹവും വിശ്വാസവും കൊണ്ട് മറികടക്കുന്നു.

## പ്രവർത്തനം I (സ്കോർ 1)

1. "തമ്പ്രാ, ഏനു കൂലിമതി ചക്രം മേണ്ട"

   ഈ വരികളിൽ തെളിയുന്നത് എന്ത്?

   - ആജ്ഞ
   - അപേക്ഷ
   - നിർദ്ദേശം
   - താക്കീത്

2. 'എന്തിനായിത് ? നാഴി അരി അല്യേ മച്ചെള്ളു, നീകുടി'

   ഈ വരികളിൽ പ്രകടമാകുന്നതെന്ത്?

   - ബഹുമാനം
   - ആജ്ഞ
   - വാത്സല്യം
   - പരിഹാസം

3. അപ്പനെ ഉപേക്ഷിച്ചു പോയ കോരൻ വീണ്ടും അപ്പനെ കണ്ടപ്പോൾ വേദനിക്കാൻ കാരണം ?

   - അപമാനം
   - നിസ്സഹായത
   - സ്വാർത്ഥത
   - അപരാധബോധം

4. മാതൃക അനുസരിച്ച് എഴുതുക

   ഏഴ് + അര – ഏഴര

   രണ്ട് + എണ്ണം –

5. മാതൃക പോലെ എഴുതുക

കൊന്നയായതെങ്ങ് - കൊന്നത്തെങ്ങ്

സ്മരണീയമായദിനം -

## പ്രവർത്തനം II (സ്കോർ 2)

1. നെല്ല് കൂലിയായി കിട്ടിയില്ലെങ്കിൽ കോരൻ ജോലിക്കു പോകില്ല എന്ന് തീരുമാനമെടുക്കാത്തതിന്റെ കാരണം എന്ത് ?

- കോരൻ ഒറ്റപ്പെടും
- അവന് അത്താഴത്തിന് നെല്ല് ആവശ്യമുണ്ട്.

2. അത് കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.

അടിവരയിട്ട പദം സൂചിപ്പിക്കുന്ന അർത്ഥതലങ്ങൾ എന്തെല്ലാം?

- അപ്പൻ കോരന്റെയും ചിരുതയുടെയും താമസ സ്ഥലത്തുവന്നത്.
- കണ്ണിനു കുളിർമപകരുന്ന ദൃശ്യം.

## പ്രവർത്തനം III (സ്കോർ 4)

1. അധ്വാനത്തെ ആനന്ദമായി കണ്ടിരുന്ന കോരന്റെ അധ്വാന സങ്കല്പങ്ങൾ തകരാനുള്ള കാരണങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

- ആളൊന്നുക്ക് മുക്കാൽ രൂപവീതമുള്ള കൂലി
- തൊഴിലാളികളോടുള്ള ജന്മിമാരുടെ അവഗണന
- നെല്ല് കള്ളക്കടത്ത് നടത്തുന്നത്.

2. ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞികുടിച്ചു തുടങ്ങി.

ദാമ്പത്യത്തിന്റെ ഉഷ്മളമായ ചിത്രീകരണമാണിത്. പരസ്പരം വിശ്വാസവും സ്നേഹവും ജീവിതത്തിൽ എത്രത്തോളം പ്രകടമാകുന്നുവെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക?

- ചിരുതയെ കോരൻ കരുതലോടെ കാണുന്നു.
- കോരനും ചിരുതയും തമ്മിലുള്ള വിശ്വാസം
- ഉള്ളതുകൊണ്ട് ജീവിക്കാനുള്ള ചിരുതയുടെ തന്റേടം
- കാപട്യങ്ങളില്ലാത്ത ജീവിതം.

3. കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
   - കഠിനാധ്വാനി
   - സ്നേഹസമ്പന്നൻ, ഭാര്യയോട് കരുതലുള്ളയാൾ
   - അനീതികളോടുള്ള പ്രതിഷേധം
   - മകൻ എന്ന നിലയിൽ അപ്പനോടുള്ള കടമ നിർവ്വഹിക്കാൻ കഴിയാത്തതിൽ വിഷമിക്കുന്നു.

4. "അപ്പോൾ നമ്മുടെ വേരുകളോ?

   അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ?"

   ഈ വരികളുടെ അർത്ഥതലങ്ങൾ വിശകലനം ചെയ്യുക.
   - പരസ്പരസ്നേഹം
   - പരസ്പര വിശ്വാസം
   - പാരമ്പര്യവും സംസ്കാരവും

   അമ്മയായ ഭൂമി
   - എല്ലാത്തിനും ആശ്രയമായിട്ടുള്ളവൻ
   - എല്ലാം സഹിക്കുന്നവർ

## പ്രവർത്തനം IV (സ്കോർ 6)

1. ഒരു നേരം കഞ്ഞികുടിക്കാൻ വകയില്ലാതെ പട്ടിണി കിടക്കുന്ന ചിരുതയും "അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി" എന്നു വിലപ്പിക്കുന്ന പിതാവും കോരന്റെ മനസ്സിനെ വല്ലാതെ ഉലച്ചു. ഈ ആത്മസംഘർഷങ്ങൾ അനുഭവിക്കുന്ന കോരൻ ശക്തനായ കഥാപാത്രമാണോ? സ്വാഭിപ്രായം എഴുതുക.

- **ഉത്തര സൂചന**
  - കോരന്റെ കുടുംബം അനുഭവിക്കുന്ന കൊടിയദാരിദ്ര്യം.
  - പകലന്തിയോളം പണിയെടുത്തിട്ടും മതിയായ കൂലിയില്ല.
  - തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള മനോധൈര്യം.
  - ഇല്ലായ്മകൾക്കിടയിലും സന്തോഷത്തോടെ ജീവിക്കുന്നു.
  - അപ്പനെ കരുതലോടെ സംരക്ഷിക്കാൻ കഴിയാത്തതിന്റെ വിഷമം.
  - വാർദ്ധക്യത്തിന് തണലേകുന്നു.
  - ശക്തനായ കഥാപാത്രം.

# പാഠം –2

# ഓരോവിളിയും കാത്ത്

## യു.കെ കുമാരൻ

ആധുനിക കഥാകൃത്തും കുടുംബബന്ധങ്ങളുടെ കഥാകാരനുമായ യു.കെ കുമാരന്റെ ശ്രദ്ധേയമായ കഥയാണ് 'ഓരോവിളിയും കാത്ത്' തന്റെ എല്ലാമെല്ലാമായ ഭർത്താവ് നഷ്ടപ്പെട്ടുപോയ ഒരുവൃദ്ധയുടെ മനോവ്യാപാരമാണീകഥ. അച്ഛൻ നഷ്ടപ്പെട്ടപ്പോഴുണ്ടായ വീടിന്റെ ശൂന്യതയും വൃദ്ധയുടെ ഏകാന്തതയും ഈ കഥയിൽ കാണാം. ഭർത്താവിന്റെ മരണത്തിൽ എല്ലാ അസ്തിത്വങ്ങളും നഷ്ടപ്പെട്ടുപോയ വൃദ്ധമാതാവിനെ അവതരിപ്പിക്കുന്നതിലൂടെ ജീവിതത്തിന്റെ ഊഷ്മളമായ സ്നേഹബന്ധങ്ങളുടെ ആഴവും പരപ്പും കഥാകാരൻ ഈ കഥയിൽ വരച്ചിടുന്നു.

അച്ഛന്റെ മരണത്തോടുകൂടി തനിച്ചാകുന്ന അമ്മ. അച്ഛന്റെ ഓരോവിളിക്കു പിന്നാലെയും പായുന്ന അമ്മ. അച്ഛൻ രോഗശയ്യയിലായിട്ടും അച്ഛന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരുന്നു ആ വീടിന്റെ ഓരോ പ്രവർത്തനവും. അച്ഛന്റെ മരണത്തോടെ അമ്മയെ തനിച്ചാക്കി ദൂരേക്ക് പോകാൻ മടിക്കുന്ന മകൻ. മകന്റെ നിർബന്ധത്തിനു വഴങ്ങി മകനോടൊപ്പം പോകാമെന്നു സമ്മതിക്കുന്ന അമ്മ അവസാനം അതിൽ നിന്നും പിന്മാറുന്നു. സ്വച്ഛമായ ഗ്രാമീണതയും അച്ഛന്റെ അദൃശ്യസാന്നിധ്യവും ഒഴിവാക്കി മകനോടൊപ്പം പോകാൻ ആ വൃദ്ധമാതാവ് സന്നദ്ധയല്ല. ഭാര്യഭർത്തൃബന്ധങ്ങൾ പുനർനിർവചിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കുടുംബ ബന്ധങ്ങളുടെ ഊഷ്മളതയും തീവ്രതയും വ്യക്തമാക്കുന്ന ഈ കഥ തികച്ചും വായിക്കപ്പെടേണ്ടതു തന്നെ.

## പ്രവർത്തനം I (സ്കോർ 1)

1. "എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി അല്ലേ ? ആയിക്കോ ആയിക്കോ ഇതൊക്കെ ഉണ്ടാക്കിത്തരാൻ എനിക്ക് കഴിഞ്ഞല്ലോ. അതോർത്താമത്"

   ഈ വാക്കുകളിലൂടെ പ്രകടമാകുന്ന അച്ഛന്റെ മനോഭാവം എന്ത്?

   (ദേഷ്യം, പരിഭവം, നിരാശ, പരിഹാസം )

2. മാതൃക അനുസരിച്ച് ഉത്തരമെഴുതുക?

   ഇറങ്ങി + പോയി – ഇറങ്ങിപ്പോയി

   പോയി + കഴിഞ്ഞു –

3. വീട്ടിൽ അമ്മയെ തനിച്ചാക്കി പോകുന്നതിൽ മകന് നന്നെ വിഷമം ഉണ്ടായിരുന്നു. ഇതിന്റെ കാരണം താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.
   - അമ്മയെ തനിച്ചാക്കി പോകുന്നതുകൊണ്ട്
   - അമ്മ വൃദ്ധയായതുകൊണ്ട്
   - വിളിക്കാൻ ആരുമില്ലാത്ത വീടായതുകൊണ്ട്.
   - അയൽപക്കക്കാരെ ഏല്പിച്ചിട്ട് പോകുന്നതുകൊണ്ട്

4. മാതൃക പോലെമാറ്റി എഴുതുക
   - കന്നിനെല്ല് - കന്നിയിലെ നെല്ല്
   - വീട്ടുകാര്യങ്ങൾ –

5. ഏതോ ദിശയിൽ നിന്നടിച്ചെത്തിയ കാറ്റിൽ

   ശബ്ദങ്ങളുടെ കരിയിലകൾ പാറിപോയിരിക്കുന്നു.

   അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന അർത്ഥം

   (ബഹളം, മരണം, നിശബ്ദത, ദുഃഖം)

## പ്രവർത്തനം II (സ്കോർ 2)

1. അർത്ഥ വ്യത്യാസം വരാതെ ഒറ്റവാക്യമായി എഴുതുക.

   പുലർച്ചയ്ക്ക് കണാരൻ വരും. താക്കോൽ അയാളുടെ കൈയിൽ ഏൽപ്പിക്കണം.

2. അമ്മയുടെ മനസ്സ് <u>കനത്തു കിടക്കുകയാ</u>ണെന്ന് മകനു തോന്നി

ആകാശം <u>കനത്തു കിടക്കുന്ന</u>തിനാൽ ഇന്ന് മഴ ഉറപ്പാണ്.

അടിവരയിട്ടിരിക്കുന്ന പദങ്ങൾ നൽകുന്ന അർത്ഥ സൂചനകൾ എഴുത്തുക.

3. അമ്മ മകനോടൊപ്പം നഗരത്തിലേക്ക് പോകാത്തതിന്റെ 2 കാരണങ്ങൾ എഴുതുക?

**പ്രവർത്തനം III** **(സ്കോർ 4)**


വിളിക്കാനാരുമില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കി പോകുന്നതിൽ മകന് നന്നേ വിഷമമുണ്ടായിരുന്നു. മകന്റെ വിഷമതകൾ എന്തെല്ലാമെന്ന് കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- പുതിയ അവസ്ഥയുമായുള്ള പൊരുത്തപ്പെടൽ
- അമ്മയെ തനിച്ചാക്കുന്നതിൽ മകനുള്ള പേടി
- അച്ഛൻ വിളിക്കുന്നുവെന്ന തോന്നൽ
- അമ്മയുടെ ശീലങ്ങൾ

2. വീട് കേവലം നാലുചുവരുകളോട് കൂടിയതല്ല. സ്നേഹത്തിന്റെ രൂപകമാണത്

കഥാകൃത്തിന്റെ ഈ അഭിപ്രായം വിശകലനം ചെയ്ത് വീട് സങ്കല്പത്തെക്കുറിച്ചുള്ള ഈ അഭിപ്രായം സമകാലിക കാഴ്ചപ്പാടുകൾ പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക?




3. വീട്ടിൽ, ഒറ്റപ്പെട്ടുപോകുന്ന മക്കളുടെ ആത്മസംഘർഷങ്ങൾ ഓരോ വിളിയും കാത്ത് എന്ന കഥയിലെ മകനിൽ എത്രത്തോളം പ്രകടമാകുന്നു? സ്വാഭിപ്രായം രേഖപ്പെടുത്തുക.

◆ **ഉത്തര സൂചന**

- അമ്മയെ വീട്ടിൽ തനിച്ചാക്കുന്നതിലുള്ള വിഷമം

- വീട് അനാഥമാകുന്നതിലെ വിഷമം
- അമ്മയെ നിർബന്ധിക്കാൻ കഴിയുന്നില്ല.
- മകന് അമ്മയോടൊപ്പം താമസിക്കാൻ പറ്റാത്ത അവസ്ഥ.

4. അമ്മ എന്ന കഥാപാത്രത്തിന്റെ സ്വാഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

- അച്ഛന്റെ മരണം സൃഷ്ടിച്ച ശൂന്യത, ഒറ്റപ്പെടൽ
- അച്ഛന്റെ ഓരോ വിളിക്കുവേണ്ടി കാത്തിരിക്കുന്ന അമ്മ
- ഉത്തമയായ കുടുംബിനി, അച്ഛന്റെ മരണം അംഗീകരിക്കുന്നില്ല.
- ഗ്രാമീണതയോടുള്ള പ്രതിപത്തി.

## പ്രവർത്തനം IV (സ്കോർ 6)

1. മരണത്തിലും വേർപെടാത്ത ആത്മബന്ധമാണ് അച്ഛനും അമ്മയും തമ്മിലുള്ളത്. ഓരോ വിളിയും കാത്ത് എന്ന കഥയിലെ കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് ആസ്വാദനം തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- ദാമ്പത്യബന്ധത്തിന്റെ ഊഷ്മളത, ഗ്രാമീണത, ജീവിത നൈർമല്യം എന്നിവയുടെ അടിസ്ഥാനം നിരുപാധിക സ്നേഹമാണ്.
- ഭദ്രമായ കുടുംബ ബന്ധം
- കഥാസന്ദർഭങ്ങൾ- അർത്ഥതലങ്ങൾ
- കഥപാത്ര സവിശേഷതകൾ
- ആശയവ്യക്തത
- ഉചിതമായ ഭാഷ.

# പാഠം – 3

# അമ്മത്തൊട്ടിൽ

## റഫീക്ക് അഹമ്മദ്

### ആമുഖം

പ്രശസ്ത കവിയും ഗാനരചയിതാവുമായ റഫീക്ക് അഹമ്മദിന്റെ കവിതയാണ് 'അമ്മത്തൊട്ടിൽ' വാർദ്ധക്യത്തിൽ എത്തിയ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുന്ന സമകാലിക പ്രവണതകളെ വളരെ തീക്ഷ്ണമായി ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു. ആഗോളവത്കരണത്തിന്റെ ഭാഗമായി ഉണ്ടായ 'എറിഞ്ഞുകളയാൽ' സംസ്കാരം വീടിലുള്ള വൃദ്ധരെയും മറ്റും ഉപേക്ഷിക്കുന്ന അവസ്ഥവരെ എത്തി. ഉപേക്ഷിച്ചതിനുശേഷം വലിച്ചെറിയുന്നത് കപ്പും സോസറും സിറിഞ്ചും മാത്രമല്ല വൃദ്ധജ്ഞങ്ങളെക്കുടിയാണ്. അമ്മത്തൊട്ടിൽ എന്നാൽ അനാഥരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നിടമാണ്. പക്ഷേ ഈ കവിതയിൽ സ്വന്തം മകൻ വൃദ്ധയും ബലഹീനയുമായ അമ്മയെ ഉപേക്ഷിക്കാൻ കൊണ്ടുപോകുന്നു. കൊണ്ടുപോയിടത്തൊന്നും ആ അമ്മയെ ഉപേക്ഷിക്കാൻ മകനു കഴിയുന്നില്ല.

**പ്രവർത്തനം I** **(സ്കോർ 1)**

1. മകന് നേരേ കുരച്ചുപായുന്ന പട്ടി എന്തിന്റെ പ്രതികമാണ്?

- ക്രൂരതയുടെ
- മാതൃസ്നേഹത്തിന്റെ
- നിഷ്കളങ്കതയുടെ
- പ്രതികാരത്തിന്റെ

2. 'അന്നത്തെ സൂചി പ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസിലൂടപ്പോൾ കടന്നുപോയ്' എപ്പോൾ?

- അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ചപ്പോൾ
- സൂചി കുത്തിയ ഓർമ്മവന്നപ്പോൾ
- പഴയ ആശുപത്രി ഓർമ്മയിലെത്തിയപ്പോൾ
- അമ്മയെ ഉപേക്ഷിക്കാൻ കഴിയാത്തതിനാൽ വിഷമിച്ചപ്പോൾ.

3. മാതൃക പോലെമാറ്റി എഴുതുക

- കൈച്ചുള്ളികൾ – കൈ+ചുള്ളികൾ
- മഞ്ഞിപ്പഴകിയ –

4. മാതൃക പോലെ മാറ്റി എഴുതുക

- തെങ്ങോലകൾ – തെങ്ങിന്റെ ഓലകൾ
- തെരുവീഥികൾ –

5. ഒന്നിനും കൊള്ളാരുതാത്തവനെന്നവൾ ഇന്നും പഴിപറഞ്ഞേക്കും

ഇവിടെ അവൾ ആരാണ്?

## പ്രവർത്തനം II (സ്കോർ 2)

1. അമ്മയുടെ കണ്ണുകളെ കവി എങ്ങനെയെല്ലാമാണ് വിശേഷിപ്പിക്കുന്നത്?

- മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണ്ണം
- പാടയും പീളയും നിറഞ്ഞ കണ്ണുകൾ

2. "ഏറെത്തണുക്കുന്ന ചില്ലുയർത്തീട്ടുമ്പൊ-

ളോർത്തു കരിമ്പടം" എന്തെല്ലാമാണ് മകന്റെ ഓർമ്മകൾ?

◆ **ഉത്തര സൂചന**

- അമ്മവയറ്റത്തു പറ്റിക്കിടക്കുന്ന ചൂട്
- കാച്ചെണ്ണയുടെ ഗന്ധം.

3. "മടങ്ങാനെ വയ്യ, തലയ്ക്കകെത്തെന്തോ പെരുക്കുന്നു" മകന്റെ ഈ അവസ്ഥയ്ക്ക് കാരണം?

- ഭാര്യയുടെ നിരന്തരമായ ശല്യപ്പെടുത്തൽ
- അമ്മയോടുള്ള അടങ്ങാത്ത സ്നേഹം

**പ്രവർത്തനം III** **(സ്കോർ 4)**

1. 'പിൻസീറ്റിലത്രയ്ക്കാം നേരെയിരുത്തീട്ടു

മോരം ചരിഞ്ഞു മടങ്ങിയിരുന്നമ്മ'

ഈ അവസ്ഥയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തിയെഴുതുക?

- ദുർബലമായ ശരീരം
- വാർദ്ധക്യത്തിന്റെ അവശതകൾ
- ഒന്നിനോടും പ്രതികരിക്കാനവാത്ത അവസ്ഥ.

2. അമ്മയെ ഉപേക്ഷിക്കാനായി മകൻ നടത്തുന്ന യാത്ര മകന്റെ ജീവിതത്തിലൂടെയുള്ള യാത്രയാണോ? വിലയിരുത്തുക.

അമ്മയെ ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്ന ഇടങ്ങൾ

ഉപേക്ഷിക്കാൻ കഴിയാതെ അയാൾ അനുഭവിക്കുന്ന സംഘർഷങ്ങൾ

3. "മെല്ലെത്തിരിഞ്ഞൊന്നു നോക്കി പിന്നിലെ

സീറ്റിലുണ്ടാമ്മ വലത്തോട്ട് പൂർണ്ണമായ്

ചാഞ്ഞുമടങ്ങി മയങ്ങി കിടക്കുന്നു

പീളയടിഞ്ഞ് നിറംപോയ കണ്ണുക-

ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം?"

വാർദ്ധക്യത്തിന്റെ നിരാലംബത്വത്തെ നിർദ്ദയമായി തള്ളിക്കളയേണ്ടതാണോ? വരികൾ വിശകലനം ചെയ്ത് ലഘുക്കുറിപ്പ് തയ്യാറാക്കുക.

- വാർദ്ധക്യം ഒരുഭാരമായി മാറുന്നു
- പുതുതലമുറയുടെ തിരക്കുപിടിച്ച ജീവിതം
- മനുഷ്യരുടെ സ്വാർത്ഥത

4. 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പു തയ്യാറാക്കുക.

- അമ്മത്തൊട്ടിൽ അനാഥശിശുകളെ സംരക്ഷിക്കുന്നിടം
- വാർദ്ധക്യം ഒരു രണ്ടാം ബാല്യമാണ്.
- അമ്മയെ ഉപേക്ഷിക്കാനുള്ള ഇടം.

**പ്രവർത്തനം III** **(സ്കോർ 4)**

1. 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ ആശയവും സമകാലിക സംഭവങ്ങളും അടിസ്ഥാനമാക്കി "അനാഥമാക്കപ്പെടുന്ന വാർദ്ധക്യം" എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

- അണുകുടുംബങ്ങളിലേക്ക് ജീവിതം ചുരുങ്ങിയിരിക്കുന്നു.
- വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ പറ്റാത്ത പുതുതലമുറ
- വർത്തമാനകാലത്തെ നേർക്കാഴ്ച
- മനുഷ്യനിലെ സ്വാർത്ഥത
- കവിതയുടെ ആശയം
- സമകാലിക സംഭവങ്ങൾ
- താരതമ്യം
- ഉപസംഹാരം

# യൂണിറ്റ് II

# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

## ആമുഖം

പ്രകൃതിയും മനുഷ്യനും ഒരേ ആത്മാവിന്റെ അംശങ്ങളായി ജീവിച്ചുപോയിരുന്ന ഒരു പഴയകാലം നമുക്കുണ്ടായിരുന്നു. പ്രകൃതിയും മനുഷ്യനും മാത്രമല്ല മനുഷ്യർ തമ്മിലും പരസ്പരം സ്നേഹത്തോടെയും സഹകരണത്തോടെയും കഴിഞ്ഞിരുന്ന നന്മനിറഞ്ഞ കാഴ്ചകളാൽ സമ്പന്നമായിരുന്നു നാട്ടിൻപുറങ്ങൾ. ഓണവും വിഷുവും തിരുവാതിരയും കേരളീയജീവിതവുമായി എത്രമാത്രം ചേർന്നു നിന്നിരുന്നുവെന്നും സ്നേഹിച്ചും കലഹിച്ചും കഴിയുമ്പോഴും അയൽപക്ക ബന്ധങ്ങൾ എത്ര ദൃഢമായിരുന്നുവെന്നും നമ്മുടെ വീട്ടുമുറ്റത്തെ ഫലവൃക്ഷങ്ങൾ ജീവിതത്തിന്റെ, ജീവന്റെ ഭാഗമായിരുന്നുവെന്നും ഓർമ്മപ്പെടുത്തുന്ന യൂണിറ്റാണ് 'നിലാവു പെയ്യുന്ന നാട്ടുവഴികൾ.' നാട്ടുവഴികളിൽ നിലാവായി പെയ്തിറങ്ങിയ സൗഹൃദത്തിന്റെ, സ്നേഹത്തിന്റെ, നന്മയുടെ ജീവിതക്കാഴ്ചകൾ.

### പാഠഭാഗങ്ങൾ

കൊച്ചുചക്കരച്ചി - എ.പി ഉദയഭാനു (ഓർമ്മക്കുറിപ്പ്)

ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ (കവിത)

കോഴിയും കിഴവിയും - കാരൂർ നീലകണ്ഠപിള്ള (കഥ)

ശ്രീനാരായണഗുരു - കുറ്റിപ്പുഴ കൃഷ്ണപിള്ള (ലേഖനം)


## പ്രവേശകം

- സംഘകാല കവിയായ ഔവ്വയാറിന്റെ പുറനാനൂറിലെ വരികൾ
- നല്ല മനുഷ്യർ പാർക്കുന്നിടം നന്നായിവരും; അത് കാടായാലും നാടായാലും കുന്നായാലും കുഴിയായാലും.
- പാർക്കുന്ന മനുഷ്യന്റെ നന്മയാണ് മണ്ണിന്റെ നന്മ. നാം ജീവിക്കുന്ന ചുറ്റുപാടുകൾ. മാലിന്യമുക്തമായ സ്വച്ഛസുന്ദരമായ പ്രകൃതി, പരസ്പര സ്നേഹവും ബഹുമാനവും പുലർത്തുന്ന മനുഷ്യർ ഇവയെല്ലാമാണ് നാടിനെ നല്ലതാക്കുന്നത്.
- നാടെത്ര നല്ലതാണെങ്കിലും നമ്മുടെ പ്രവർത്തനങ്ങൾ മോശമായാൽ അത് നാടിനെയും മോശമായി ബാധിക്കും.

# പാഠം – 1

# കൊച്ചുചക്കരച്ചി

എ.പി ഉദയഭാനുവിന്റെ തറവാട്ട് വീടായ മുല്ലശ്ശേരി പറമ്പിലുണ്ടായിരുന്ന കൊച്ചുചക്കരച്ചിയുടെ പ്രത്യേകതകളും വൃക്ഷങ്ങൾ മനുഷ്യന്റെ വിശ്വസ്തനായ സഹജീവിയാണ് എന്ന ഓർമ്മപ്പെടുത്തലുമാണ് ഈ ലേഖനം.



# ആശയങ്ങൾ

- മനുഷ്യരും വൃക്ഷങ്ങളും തമ്മിലുള്ള ബന്ധം ഓർമ്മക്കുറിപ്പായി അവതരിപ്പിക്കുന്നു.
- മാവും കുട്ടികളും തമ്മിലുള്ള ബന്ധം
- വൃക്ഷങ്ങളിൽവച്ച് വൃക്ഷമായ മാവ്
- മാവും എഴുത്തുകാരും തമ്മിലുള്ള ബന്ധം
- ലേഖകന് കൊച്ചുചക്കരച്ചിയോട് കൂടുതൽ അടുപ്പം ഉണ്ടാകുന്ന സാഹചര്യം.
- മാങ്ങപറിക്കാൻ വന്നവരോടും മരം മുറിക്കാൻ വന്നവരോടും മാവിന്റെ പ്രതികരണം
- കൊച്ചു ചക്കരച്ചിക്ക് രോഗം പിടിപെടുന്നത്
- രോഗം പിടിപെട്ടിട്ടും മാവു മുറിക്കാൻ അമ്മ സമ്മതിക്കുന്നില്ല
- മാവ് ചതിക്കില്ല എന്ന വിശ്വാസം
- അമ്മയും മാവും തമ്മിലുള്ള ആത്മബന്ധം
- ഒടുവിൽ ആർക്കും ഒരാപത്തും വരുത്താതെ കൊച്ചുചക്കരച്ചിയുടെ വീഴ്ച.

**പ്രവർത്തനം I** **(സ്കോർ 1)**

1. ഇന്ന് മാങ്ങാമരം കാണാതെ കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃതമട്ടുകൾ അവർ അറിയാനിടയില്ല. അടിവരയിട്ട പദത്തിന്റെ അർത്ഥസൂചനയെന്ത്?

    - മാവിൻചോട്ടിലെ കളികൾ
    - പലതരം മാവുകൾ
    - മാവിന്റെ ഔഷധഗുണങ്ങൾ
    - പരിഷ്കാരമില്ലാത്ത ജീവിതരീതികൾ

2. "നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവർ പറയുമായിരുന്നു"

ലേഖകൻ ഉദ്ദേശിച്ചതെന്ത് ?

- മാവിൽ നിറയെ ഇലകളുണ്ട്
- മാവിൻ ചോട്ടിൽ കുട്ടികൾ ഒത്തുകൂടിയത്
- മാവിന്റെ കാലപ്പഴക്കവും തലമുറകളുമായുള്ള ബന്ധവും
- മാവിനും ലേഖകനും ഒരേ പ്രായമാണ്.

3. മാതൃകപോലെ മാറ്റി എഴുതുക ?

- കൗരവപ്പട - കൗരവരുടെ പട
- കൊതിയസമാജം -

4. "വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെ"

ഈ പ്രസ്താവനയുടെ പൊരുൾ എന്ത്?

<u>സൂചന</u>

- മനുഷ്യജീവിതത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന വൃക്ഷം

.5. മാവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ല് എഴുതുക.

സൂചന

മാങ്ങയുള്ള മാവിലേ കല്ലേറിയൂ

മാമ്പൂകണ്ടും മക്കളെക്കണ്ടും മദിക്കരുത്.

**പ്രവർത്തനം II** **(സ്കോർ 2)**

1. "തിരിഞ്ഞുനോക്കുമ്പോൾ എത്രയെത്ര മാവുകളാണ് എന്റെ ഓർമ്മയിൽ വന്നു നിരന്നു നിൽക്കുന്നത്." അർത്ഥവ്യത്യാസം വരാതെ വാക്യം മാറ്റി എഴുതുക.

<u>സൂചന</u>

തിരിഞ്ഞു നോക്കുമ്പോൾ എന്റെ ഓർമ്മയിൽ എത്രയെത്ര മാവുകൾ വന്നു നിരന്നു നിൽക്കുന്നു.

2. “അതിനെക്കാൾ നിരുപദ്രവകരമായി എത്ര വിദ്ഗധനായ മരം വെട്ടുകാരനും അതിനെ മുറിച്ചിടാൻ കഴിയുമായിരുന്നില്ല.” കൊച്ചുചക്കരച്ചിയുമായി ബന്ധപ്പെട്ട് എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ നിന്ന് കിട്ടുന്നത്? ഏതെങ്കിലും രണ്ടെണ്ണം കുറിക്കുക.

<u>**സൂചന**</u>

- ആർക്കും ഒരുപദ്രവവും വരുത്താതെയുള്ള കൊച്ചുചക്കരച്ചിയുടെ വീഴ്ച
- മാവ് ചതിക്കില്ല എന്ന അമ്മയുടെ വിശ്വാസത്തെ കാത്തുസൂക്ഷിച്ച കൊച്ചുചക്കരച്ചി.

3. കുട്ടികൾക്ക് മാവുമായുള്ള അടുപ്പം വ്യക്തമാക്കുന്ന രണ്ട് സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

<u>**സൂചന**</u>

- മാവിൻചോട്ടിലെ കൊതിയസമാജം
- അണ്ണാൻ പിറന്നാൾ, ഉണ്ണിയിടൽ, ഉത്സവങ്ങൾ

**പ്രവർത്തനം III** **(സ്കോർ 4)**

1. “കൊച്ചുചക്കരച്ചിയിൽ കൈവരുന്ന മനുഷ്യഭാവങ്ങളാണ് ഈ ലളിതോപന്യാസത്തെ കൂടുതൽ ഹൃദ്യമാക്കുന്നത്.” വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

<u>**സൂചനകൾ**</u>

- മാവ് കുട്ടികളോട് സുഹൃത്തിനെപോലെ പെരുമാറിയത്.
  (പ്രീതിയോടെ മാങ്ങ നൽകുന്നത്)
- ചേച്ചിയും അനുജത്തിയുമെന്നപോലെ നിന്ന വലിയചക്കരച്ചിയും കൊച്ചുചക്കരച്ചിയും.
- കുടുംബക്കാർ കൊച്ചുചക്കരച്ചിക്ക് നൽകിയ അരുമത്തം
- നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ പറയുമായിരുന്നു.
- മാങ്ങ പറിക്കാൻ വന്നവരോടും മാവ്മുറിക്കാൻ വന്നവരോടും കൊച്ചുചക്കരച്ചിയുടെ നിലപാട്
- വൃദ്ധമുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടി.
- തന്നെ വിശ്വസിച്ചവരെ ചതിക്കാതെ, ആർക്കും അപകടം വരുത്താതെയുള്ള കൊച്ചുചക്കരച്ചിയുടെ വീഴ്ച.

2. മനുഷ്യനും മരവും തമ്മിലുള്ള കേവലമായ ബന്ധമാണോ അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുണ്ടായിരുന്നത്? പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

<u>സൂചനകൾ</u>

- അമ്മ ജനിച്ചപ്പോൾ മുതൽ കൊച്ചുചക്കരച്ചിയെ കാണുന്നു.
- തറവാട് ഭാഗംവച്ചപ്പോൾ കൊച്ചുചക്കരച്ചി അമ്മയ്ക്ക് സ്വന്തമായി. കുടുംബാംഗമായി.
- തങ്ങളുടെ രക്ഷകനായി അമ്മ മാവിനെ കാണുന്നു.
- സാമ്പത്തിക ഞെരുക്കം വന്നപ്പോൾ മാങ്ങ വിൽക്കാനും മരം മുറിക്കാനും അമ്മ തീരുമാനിച്ചെങ്കിലും മാവ് തന്നെ അതിനെ തടഞ്ഞു.
- മാവിന് മാരകമായ രോഗം പിടിപെട്ടിട്ടും മരം മുറിക്കാൻ മകൻ നിർബന്ധിച്ചിട്ടും അമ്മ സമ്മതിച്ചിരുന്നില്ല.
- "കൊച്ചുചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്തു വരുത്തുകയില്ല." എന്ന അമ്മയുടെ വിശ്വാസം.
- കാറ്റും മഴയുമുള്ളപ്പോൾ അമ്മയുടെ പൂമുഖത്തെ ഇരിപ്പ്
- മാവ് വീണാൽ ഒപ്പം താനും പോകട്ടെയെന്ന ചിന്ത.
- അമ്മയുടെ വിശ്വാസത്തെ കാത്തുരക്ഷിച്ചുകൊണ്ടുള്ള മാവിന്റെ വീഴ്ച.
- കൊച്ചുചക്കരച്ചി വീണശേഷം കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അവിടെകിളിച്ചുപൊന്തിയ മാവിൻ തയ്യിനെ അമ്മ വാത്സല്യത്തോടെ വളർത്തുന്നത്.

## പ്രവർത്തനം IV (സ്കോർ 6)

1. ഭാഷയുടെ ലാളിത്യവും സൗന്ദര്യവും എ.പി ഉദയഭാനുവിന്റെ 'കൊച്ചുചക്കരച്ചി' എന്ന ലേഖനത്തിൽ എത്രമാത്രം നിറഞ്ഞുനിൽക്കുന്നു? ഉദാഹരണങ്ങൾ കണ്ടെത്തി എ.പി ഉദയഭാനുവിന്റെ രചനാശൈലിയെക്കുറിച്ച് ഉപന്യാസമെഴുതുക.

- ചെറിയ കുട്ടികൾക്കുപോലും മനസ്സിലാവുന്ന ലളിതമായ ഭാഷാരീതി.
- ലളിതമായ കാര്യങ്ങളിൽ തുടങ്ങി ഗൗരവവും സമകാലിക പ്രസക്തിയുള്ളതുമായ
- വിഷയത്തിലേക്ക് വായനക്കാരെ എത്തിക്കുന്ന രീതി.
- നർമ്മം കലർന്ന ഭാഷാരീതിയെങ്കിലും ആശയങ്ങൾ ഗൗരവമേറിയത്.
- "അണ്ണാൻകുഞ്ഞേ.. കാക്കക്കെഴുവേറീ" എന്നിങ്ങനെ ഇണക്കിയും പിണക്കിയും അവരെക്കൊണ്ട് മാങ്ങകൾ കൊത്തിയിടുവിക്കും."

"പൂത്തിരികത്തിച്ചതുപോലെയുള്ള മാമ്പൂങ്കുല ഒടിച്ച് കുസൃതിക്കുട്ടനപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി"

"കർക്കടകമാസത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത്" ഇത്തരത്തിൽ അതിമനോഹരമായ നിരവധി വർണനകൾ, പ്രയോഗങ്ങൾ എന്നിവ ലേഖനത്തിലുണ്ട്.

- വൃക്ഷങ്ങളെ പേരുവിളിച്ച് സ്നേഹിച്ചിരുന്ന പഴയകാലം.
- ഗ്രാമീണപദങ്ങളുടെ ഉപയോഗം.
- നാട്ടറിവുകളുടെ ശേഖരം.

# പാഠം 2

# ഓണമുറ്റത്ത്

വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിതയാണ് 'ഓണമുറ്റത്ത്'. കേരളത്തിന്റെ സുന്ദരമായ പ്രകൃതിയും കാർഷിക സംസ്കാരവും ഓണം, വിഷു, തുടങ്ങിയ ആഘോഷങ്ങളും വൈലോപ്പിള്ളിയുടെ കവിതകളിലെ നിറക്കാഴ്ചകളാണ്. 'വെറുമൊരോണപ്പാട്ടുകാരൻ' എന്ന് തന്നെ പരിഹസിച്ച നിരൂപകർക്കുള്ള മറുപടി കൂടിയാണ് 'ഓണമുറ്റത്ത്' എന്ന കവിത. മലനാട് ഓണത്തെ എങ്ങനെ സ്വീകരിക്കുന്നു നഷ്ടപ്പെട്ടുപോയ ഗ്രാമീണനന്മകളെ കുറിച്ചുള്ള കവിയുടെ വേവലാതികൾ, എന്നിവ ഈ കവിതയിൽ കാണാം.

**ആശയങ്ങൾ**

ഓണത്തെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പ്രകൃതി

- മലനാട് ഓണത്തെ വരവേൽക്കാൻ അണിഞ്ഞൊരുങ്ങി നൽക്കുന്നു.
- മധുരവികാരം നിറഞ്ഞ മലനാടൻ കാറ്റ്
- മഞ്ഞിൽകുളിച്ച് പാവനഭാവമണിഞ്ഞു നിൽക്കുന്ന പ്രകൃതി.
- പൂക്കൂട നിറയെ പൂക്കളുമായി നിൽക്കുന്ന തുമ്പകൾ
- ദീപക്കുറ്റി നാട്ടിയപോലെ നിൽക്കുന്ന മുക്കുറ്റി
- നടുവിൽ പൊൽക്കിഴിയെരിയും വെള്ളിത്താലമെടുത്തു നിൽകുന്ന നെയ്യാമ്പലുകൾ.
- പൂവരി തൂകുന്ന കമുകുകൾ
- ആർപ്പുവിളിക്കുന്ന ഉണ്ണികളും അലകടലും
- കുരവയിടുന്ന അരുവികളും ചെറുകന്യകമാരും
- മഹാബലിയെന്ന അതിഥിയെ സ്വീകരിക്കാൻ കൈയിൽ ചങ്ങലവട്ടയുമായി നിൽക്കുന്ന ഉഷസ്സ്.

**കവി സ്വയം പുള്ളുവനായി ചമയുന്നത്.**

- പഴയ പുള്ളുവനാകുന്ന കവി
- പായും കുടയും നെയ്യും പല കൈവേലകൾ ചെയ്യുന്ന പുള്ളുവൻ.

- പുഞ്ചപ്പാടത്ത് കറ്റ മെതിക്കുന്ന പെൺകൊടിമാരെ ആനന്ദിപ്പിക്കുന്ന പാട്ടുകൾ പാട് കൈയിൽ മൺവീണയുമായി നിൽക്കുന്നു.
- വെറ്റിലയോ നെല്ലോ കൂലിയായി കിട്ടിയാലായി.
- ഓണപ്പാട്ടുകളാണ് പ്രധാനമായും പാടിയിരുന്നത്.
- പരിഷ്കാരികളായ ആളുകൾ പഴമോ അരിയോ തന്ന് ഒഴിവാക്കി വിടുന്നു.

**പ്രവർത്തനം I** **(സ്കോർ 1)**

1. മഞ്ഞാലീറനുടുത്തൊരു <u>പാവനഭാവം</u>

   അടിവരയിട്ട പദം വിഗ്രഹിക്കുമ്പോൾ

   - പാവനവും ഭാവവും
   - പാവനമായ ഭാവം
   - പാവനത്തിന്റെ ഭാവം
   - പാവനം കൊണ്ടുള്ളഭാവം

2. "നല്ലതിഥിനമുക്കിനിയാരിതുപോലെ" - ഇവിടെ സൂചിപ്പിക്കുന്ന നല്തിഥി ആരാണ്?

   - പുള്ളുവൻ
   - മഹാബലിമന്നൻ
   - വിഷുപ്പുലരി
   - പ്രഭാതം

3. മധുരോദാരം എന്ന പദം വിഗ്രഹിക്കുക.

   മധുരത്താൽ ഉദാരമായത്

4. ദീപക്കുറ്റി നാട്ടിയപോലെ നിൽക്കുന്നതാരാണ്?

   - ആമ്പലുകൾ
   - തുമ്പകൾ
   - മുക്കുറ്റി
   - നിലാവ്

5. മാതൃകപോലെ എഴുതുക

വെള്ളിത്താലം - വെള്ളി + താലം

ദീപക്കുറ്റി -

**പ്രവർത്തനം II** **(സ്കോർ 2)**

1. "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്ന് പഴിക്കാമിന്നുപ-
രിഷ്കാരത്തിൽ തിണ്ണയിലുള്ളവർ"

ഈ വരികൾ നൽകുന്ന അർത്ഥസൂചനകൾ രണ്ടെണ്ണം കുറിക്കുക.

- പുതുതലമുറയ്ക്ക് ഓണപ്പാട്ടുകൾ പഴയപാട്ടുകളാണ്.
- മണ്ണ്, പ്രകൃതി, സംസ്കാരം ഇവയിൽ നിന്നകലുന്ന പുതുതലമുറ

2. "ഞങ്ങളുടെ കൊച്ചു കിനാവുകൾ തേടിയലഞ്ഞു
മലർക്കളമെഴുതി കാത്തോരരചനെ"

ഓണത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ നിന്ന് കിട്ടുന്നത്? സൂചനകൾ കുറിക്കുക.

- ഓണം കാത്തിരിപ്പിന്റെ ആഘോഷമാണ്
- കർഷകർ അടക്കമുള്ള അധ്വാനിക്കുന്ന ജനത സമത്വസുന്ദരമായ മാവേലിനാടിനായ് സ്വപ്നങ്ങൾ കണ്ട് കാത്തിരിക്കുന്നു.

3. "ഇവരറിയുന്നീലെന്നഭിമാനം"

ഈ വരി നൽകുന്ന സൂചനകൾ രണ്ടെണ്ണം എഴുതുക.

- കേരളത്തിന്റെ തനിമയാർന്ന സാംസ്കാരിക പൈതൃകത്തിൽ കവി അഭിമാനിക്കുന്നു
- തന്റെ പാട്ടുകൾ ഓണപ്പാട്ടുകളാണ് എന്ന് കവി അഭിമാനിക്കുന്നു.
- പ്രകൃതിയോടൊപ്പം നിൽക്കുന്നവനാണ് താനെന്ന അഭിമാനം.

**പ്രവർത്തനം III** **(സ്കോർ 4)**

1. "നീളുംമലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടെ പരുങ്ങിയൊരുങ്ങിടു-

മോണക്കോടിയുടുടുത്തൊരുഷസ്സേ"

ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തുക.

- ◆ **ഉത്തര സൂചന**
  - മഹാബലിയെ സ്വീകരിക്കാൻ ഒരുങ്ങുന്ന പ്രഭാതം
  - മലയുടെ ഇടയിൽ നിന്ന് പ്രഭാതസൂര്യൻ ഉദിച്ചുവരുന്നത്.
  - പ്രഭാതത്തിൽ കുളികഴിഞ്ഞ് ഓണക്കോടിയുടുത്ത് കൈയിൽ ചങ്ങലവട്ടയുമായ് നാണത്തോടെ ഒരുങ്ങി നിൽക്കുന്ന പെൺകിടാവായി പ്രഭാതത്തെ വർണിക്കുന്നു.
  - മലയാണ് ചങ്ങലവട്ട മലകൾക്കിടയിലെ ചുവന്ന ഉദയസുര്യൻ ചങ്ങലവട്ടയിലെ തീനാളം.
  - മെല്ലെമെല്ലെയാണ് സൂര്യൻ ഉദിക്കുന്നത്.
  - ചങ്ങലവട്ടയിലെ തീനാളത്തെ ചുവന്ന വിരലാൽ പെൺകൊടി നീട്ടുന്നു.
  - പ്രഭാതത്തെ പെൺകൊടിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
  - മനോഹരമായ വാങ്മയചിത്രമുണ്ട് ഈ വരികളിൽ
  - ദ്വിതീയാക്ഷരപ്രാസം
  - കൂട്ടക്ഷരങ്ങളുടെ ആവർത്തനമുണ്ട് (ങ്ങ, ട്ട, ക്ക. ത്ത, ല്ല)

2. "പഴയൊരു പുള്ളുവനാണല്ലോ ഞാൻ"

കവി സ്വയം പുള്ളുവനായി ചമയുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.

- ◆ **ഉത്തര സൂചന**
  - കേരളത്തിന്റെ നാടോടി കാവ്യപാരമ്പര്യത്തിന്റെ പ്രതീകമാണ് പുള്ളുവൻപാട്ട്.
  - നാടിന്റെ നന്മയ്ക്കും ഐശ്വര്യത്തിനും വേണ്ടി പാടിയിരുന്ന പാട്ടുകളാണവ.
  - ഓണക്കാലത്ത് കൈയിൽ മൺവീണയും കുടവുമായി വീടുകൾതോറും കയറിയിറങ്ങ് നാടിനും വീടിനും നാട്ടാർക്കും ഐശ്വര്യമുണ്ടാകാൻ വേണ്ടി പുള്ളുവന്മാർ പാടിയിരുന്നു.
  - വയലുകളിലും വീടുകളിലും അധ്വാനവർഗത്തിനൊപ്പം പുള്ളുവന്മാരെ കാണാമായിരുന്നു.

- കവി സ്വയം പുള്ളുവനാണെന്ന് പ്രഖ്യാപിക്കുന്നു.
- പാടത്തും പറമ്പിലും അധ്വാനിക്കുന്ന കർഷകനുവേണ്ടി എഴുതിയ കവി.
- നാടിന്റെ നന്മയ്ക്കുവേണ്ടി കവിതകൾ രചിച്ച കവി.
- പുള്ളുവനെപ്പോലെ പ്രാചീനനന്മകളെപ്പറ്റി കവിയും പാടുന്നു.

3. ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് വർത്തമാനകാലത്ത് ഈ പ്രസ്താവന എത്രത്തോളം പ്രസക്തമാണെന്ന് ചർച്ച ചെയ്ത് ലേഖനം തയ്യാറാക്കുക.

<u>ഉത്തരസൂചന</u>

- മാനുഷരെല്ലാരും ഒന്നുപോലെ കഴിഞ്ഞ മാവേലിനാടിന്റെ ഓർമ്മപുതുക്കലാണ് ഓണം.
- സമത്വമാണ് ഓണത്തിന്റെ സന്ദേശം.
- വർഷം മുഴുവൻ അധ്വാനിച്ചിരുന്ന പഴയ കേരളീയജനത വർഷത്തിലൊരിക്കൽ മാത്രം പുതുവസ്ത്രമണിയുകയും വയറുനിറയെ ഭക്ഷണം കഴിക്കയും ചെയ്തിരുന്ന അവസ രങ്ങളായിരുന്നു ഓണം.
- ഓണം കാത്തിരിപ്പാണ്.
- പ്രകൃതിയും മനുഷ്യനൊപ്പം ചേർന്നു നിന്നിരുന്നു.
- പൂവിളി ഉയരുന്ന പ്രഭാതങ്ങൾ.
- കുന്നും മലയും കയറിയിറങ്ങി പൂക്കൾ ശേഖരിക്കുന്ന കുട്ടികൾ.
- വിവിധ ഓണക്കളികൾ.
- ഒത്തുചേരലുകൾ.
- കാണം വിറ്റും ഓണമുണ്ണുന്ന മലയാളി.
- തിരക്കിന്റെ, സ്നേഹശൂന്യതയുടെ വർത്തമാനകാലം.
- ആഘോഷങ്ങൾ നിറഞ്ഞ ദിവസങ്ങൾ.
- പണമുണ്ടെങ്കിൽ എന്നും ഓണമെന്ന് കരുതുന്ന പുതുതലമുറ.
- പഴമയോട് പുച്ഛം.

- മണ്ണിൽ നിന്നും കൃഷിയിൽ നിന്നുമകന്നു.
- വിലയ്ക്ക് വാങ്ങുന്ന അരിയും പച്ചക്കറിയും പൂക്കളും.
- ജാതി-മത കലഹങ്ങൾ.
- നഷ്ടമായ നന്മകൾ.

# പാഠം – 3

## കോഴിയും കിഴവിയും



നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറജീവിതത്തിന്റെ പച്ചയായ ആവിഷ്കാരങ്ങളാണ് കാരൂർകഥകൾ. പരസ്പരം സ്നേഹിച്ചും കലഹിച്ചും കഴിഞ്ഞ രണ്ടു കുടുംബങ്ങളാണ് 'കോഴിയും കിഴവിയും' എന്ന കഥയുടെ പ്രമേയം. അവസരോചിതമായ ഇടപെടലുകളിലൂടെ അപകടങ്ങളിൽ നിന്ന് അവിവേകശാലികളെ രക്ഷപ്പെടുത്തുന്ന അനുഭവസമ്പത്തിന്റെ പ്രതീകമായ അമ്മയെയും ഈ കഥയിൽ കാണാം.

# ആശയങ്ങൾ

- മത്തായിയുടെ കോഴിയെ മർക്കോസിന്റെ മകൻ കല്ലെറിഞ്ഞു കോഴി ചത്തു.
- ചത്ത കോഴിയെ ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കുന്ന മർക്കോസിന്റെ കുടുംബം.
- മത്തായിയും ഭാര്യയും കോഴിയെ കറിവച്ചു തിന്നു.
- ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു.
- പണ്ട് ഒന്നുമില്ലായ്മയിൽ കഴിഞ്ഞ മത്തായിയും കുടുംബവും.
- മർക്കോസിന്റെ അപ്പന്റെ പരോപകാരബുദ്ധിയിൽ വളർന്നു വന്ന മത്തായിയുടെ അമ്മ.
- മത്തായിയുടെ വളർച്ച-മർക്കോസിന്റെ തകർച്ച
- മുതിർന്നവരുടെ കലഹങ്ങൾക്കിടയിലും പരസ്പരം സ്നേഹിക്കുന്ന കുട്ടികൾ
- മർക്കോസിനെതിരെ കള്ളക്കേസ് കൊടുക്കുന്ന മത്തായി.
- സത്യങ്ങൾ വിളിച്ചു പറഞ്ഞ് മർക്കോസിനെ രക്ഷിക്കുന്ന മത്തായിയുടെ അമ്മ.

**പ്രവർത്തനം I** **(സ്കോർ 1)**

1. മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ <u>എതിരു പിടിക്കുക</u> എന്നത് മത്തായിയുടെ വ്രതമായി. അടിവരയിട്ട പ്രയോഗത്തിന്റെ സന്ദർഭത്തിലെ അർത്ഥം?

   - എപ്പോഴും കുറ്റപ്പെടുത്തുക.
   - ചിലപ്പോൾ എതിർക്കുക.
   - എപ്പോഴും എതിർക്കുക
   - എതിരഭിപ്രായം പറയുക.

2. "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു" - ഈ വാക്യം നൽകുന്ന സൂചന ഒറ്റവാക്യത്തിൽ എഴുതുക.

**സൂചന**

കോഴിയുടെ മരണം ഒരു വലിയ കലഹത്തിനു കാരണമായി.

3. കാറ്റു മാറി വീശി - ഈ പ്രയോഗം കഥയിലെ കഥാപാത്രങ്ങളുടെ ജീവിതത്തിൽ വന്ന എന്തു മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്?

ദാരിദ്ര്യത്തിലായിരുന്ന മത്തായിയും കുടുംബവും സമ്പന്നതയിലേക്കും, സമ്പന്നരായിരുന്ന മർക്കോസിന്റെ കുടുംബം ദാരിദ്ര്യത്തിലേക്കും എത്തിച്ചേർന്നു.

4. 'കോഴിയും കിഴവിയും' എന്ന കഥയിലെ കിഴവി എന്തിന്റെ പ്രതീകമാണ്?

- സമ്പത്തിന്റെ
- വാർദ്ധക്യത്തിന്റെ
- മൂല്യങ്ങളുടെ
- ഗ്രാമത്തിന്റെ

5. "അവര് മൊഖോം വീർപ്പിച്ചോണ്ടു പോയേ"

അടിവരയിട്ട പദം നൽകുന്ന സൂചനയെന്ത്?

- ദേഷ്യം
- പരിഭവം

**പ്രവർത്തനം II** **(സ്കോർ 2)**

1. "അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി മത്തായി മാർഗേണ കൂകി 'നോക്കിക്കോ' "

അടിവരയിട്ട പദത്തിന്റെ കഥാസന്ദർഭത്തിലെ അർത്ഥസാധ്യതകൾ എന്തെല്ലാം ? രണ്ടെണ്ണം കുറിക്കുക.

- മർക്കോസിനുള്ള മുന്നറിയിപ്പ്
- മത്തായിയുടെ പ്രതികാരബുദ്ധി

2. മത്തായിയുടെ വീട്ടിൽ സകലവായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്.

   അടിവരയിട്ട പ്രയോഗം നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക.

   - മർക്കോസിനെതിരെ കള്ളക്കേസ് കൊടുത്തിട്ട് സത്യം പുറത്തുവരാതിരിക്കാൻ എല്ലാവരെയും വായടപ്പിച്ചിരിക്കുന്നു മത്തായി.
   - സത്യം പുറത്തു വന്നാൽ കുടുങ്ങുന്നത് താനാണെന്ന് മത്തായിക്കറിയാം.

3. അതിന്റെ ജീവൻപോകുന്നത് കാണുമ്പോൾ കണ്ണുനിറയാത്തത്

   കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നത് കൊണ്ടാണ്.

   അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥസൂചനകൾ രണ്ടെണ്ണം കുറിക്കുക.

   - കൊതിയുടെയും, ആർത്തിയുടെയും വിശപ്പിന്റെയും പ്രതീകമാണ് വായിലെ വെള്ളം
   - സ്വന്തമായി വളർത്തിയ കോഴിയെ കൊല്ലുമ്പോൾ ഉണ്ടാകുന്ന വേദനയെക്കാൾ വലുതാണ് കോഴിയിറച്ചി കഴിക്കുമ്പോൾ കിട്ടുന്ന രുചി.

**പ്രവർത്തനം III** **(സ്കോർ 4)**

1. "നാട്യപ്രധാനം നഗരം ദരിദ്രം

   നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

   - കുറ്റിപ്പുറത്ത് കേശവൻനായർ-

   "മകനേ, മൂടുമറക്കരുത് (കോഴിയും കിഴവിയും- കാരൂർ)

   നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്ക് കഴിയാൻമേല"

   മുകളിൽ കൊടുത്തിരിക്കുന്ന സൂചനകളും സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി 'കോഴിയും കിഴവിയും' കഥയിലെ അമ്മയുടെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കുറിപ്പാക്കുക.

- **ഉത്തര സൂചന**
  - കുറ്റിപ്പുറത്തിന്റെ വരി വിശകലനം
  - ദാരിദ്ര്യത്തിൽ നിന്നും സമ്പത്തിലേക്കുള്ള അമ്മയുടെ ജീവിത വളർച്ച
  - സഹായിച്ചവരെ മറക്കാത്ത, വന്നവഴി മറക്കാത്ത അമ്മ.
  - അയൽപക്ക സ്നേഹമുണ്ട്.
  - മത്തായി മർക്കോസിനെ കള്ളക്കേസിൽ കുടുക്കിയപ്പോൾ സത്യം വിളിച്ചു പറഞ്ഞ് മർക്കോസിനെ രക്ഷിക്കുന്നു.
  - അമ്മയുടെ അവസരോചിതമായ ഇടപെടൽ കഥാഗതിയിൽ വരുത്തുന്ന മാറ്റം.
  - മത്തായിയുടെ അമ്മയുടെ വാക്കുകൾ എല്ലാവർക്കും വെളിച്ചമാകുന്നു.
  - നാട്ടിൻപുറനന്മയുടെ പ്രതീകമായ അമ്മ.

2. മനുഷ്യനന്മകൾ വെളിപ്പെടുന്ന ഒട്ടേറെ സന്ദർഭങ്ങൾ 'കോഴിയും കിഴവിയു'മെന്ന കഥയിലുണ്ട്. ഇത്തരം മുഹൂർത്തങ്ങൾ കണ്ടെത്തി 'സ്നേഹബന്ധങ്ങളാണ് ജീവിതത്തിന്റെ നിലനില്പിന്നാധാരം' എന്ന വിഷയത്തിൽ ലഘുപന്യാസമെഴുതുക.

- **ഉത്തര സൂചന**
  - മർക്കോസിന്റെ അപ്പന്റെ പരോപകാരബുദ്ധിയാൽ മത്തായിയുടെ കുടുംബം രക്ഷപ്പെടുന്നു.
  - അമ്മയുടെ മനസ്സിന്റെ നന്മ പ്രകടമാകുന്ന സന്ദർഭങ്ങൾ.
  - കുട്ടികൾ തമ്മിൽ പേരയ്ക്കയെ ചൊല്ലി വഴക്കിട്ടെങ്കിലും പിറ്റേന്ന് പേരയ്ക്കയുമായ് കൂട്ടുകാരിയെ കാത്തുനിന്ന മത്തായിയുടെ മകൻ.

## പ്രവർത്തനം IV (സ്കോർ 6)

1. "നിന്റെ വീടിനു ഞാൻ കല്ലെറിഞ്ഞിട്ടില്ല

ഒരിക്കൽ പോലും

അവിടേക്കെത്തി നോക്കിയിട്ടില്ല

നിന്റെ തൊടിയിലോ മുറ്റത്തോ

വന്നെന്റെ കുട്ടികൾ ഒന്നും നശിപ്പിച്ചിട്ടില്ല.

ചൊരിഞ്ഞിട്ടില്ല നിന്റേമേൽ

ഞാനൊരപരാധവും

ചോദ്യം ചെയ്തിട്ടില്ല നിന്റെ വിശ്വാസത്തെ

തിരിക്കിയിട്ടില്ല നിന്റെ കൊടിയുടെ നിറം

അടുപ്പെരിയാത്ത ദിനങ്ങളിൽ

വിശപ്പിനെത്തന്നെ വാരിത്തിന്നപ്പോഴും

ചോദിച്ചിട്ടില്ല നിന്നോട് കടം

എന്നിട്ടും എന്റെ പ്രിയപ്പെട്ട അയൽക്കാരാ

നമ്മുടെ വീടുകൾക്കിടയിൽ

എന്തിനാണ് ഇങ്ങനെയൊരെണ്ണം

നീ കെട്ടിയുയർത്തിയത്"

മതിൽ- പവിത്രൻ തീക്കുനി

പ്രളയരക്ഷാ പ്രവർത്തനത്തിന് തടസ്സമായതു മതിലുകളും ഗേറ്റുകളും. അവയിൽ ഇടിച്ചാണ് രക്ഷാപ്രവർത്തനത്തിന് എത്തിയ നിരവധി വള്ളങ്ങൾ തകർന്നത്.

"ഒരു കയ്യാലകൊണ്ട് വേർതിരിക്കപ്പെട്ട രണ്ട് പറമ്പ്. മുമ്പ് രണ്ടും ഒന്നായിരുന്നു."

-കോഴിയും കിഴവിയും-

സ്നേഹബന്ധങ്ങൾക്ക് വിലങ്ങുതടിയായി മനുഷ്യർക്കിടയിൽ അദൃശ്യമായ മതിലുകൾ രൂപപ്പെടുന്നുണ്ടോ?

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് ലേഖനം തയ്യാറാക്കുക.

<u>ഉത്തരസൂചനകൾ</u>

- മതിൽ-കവിതയുടെ ആശയം
- പത്രവാർത്തയുടെ വിശകലനം.
- കഥയിൽ കയ്യാല വരുന്നതിനുമുമ്പും അതിനുശേഷവും ബന്ധങ്ങളിൽ വന്ന മാറ്റം
- നന്മകൾ വറ്റിവരളുന്ന, ആർത്തികൾ പെരുകുന്ന വർത്തമാനകാലം.
- വീടുവയ്ക്കും മുമ്പേ ഉയരുന്ന മതിലുകൾ
- നാട്യങ്ങളുടെ തിരക്കുകൾ നിറഞ്ഞ പൊള്ളയായ ബന്ധങ്ങൾ
- മതിലുകളും അതിരുകളും നിലനിൽക്കുമ്പോഴും അതിനെ മറികടന്ന് നന്മയുടെ വഴികൾ തെളിഞ്ഞു വരാറുണ്ട്.

# പാഠം –4

# ശ്രീനാരായണ ഗുരു

## കുറ്റിപ്പുഴ കൃഷ്ണപിള്ള

കേരളത്തിന്റെ സാമൂഹ്യ നവോത്ഥാന ചരിത്രത്തിൽ സൂര്യനെപ്പോൽ ജ്വലിച്ചുനിൽക്കുന്ന മഹാനാണ് ശ്രീനാരായണ ഗുരു. ശ്രീനാരായണ ഗുരുവിന്റെ ജീവിതം പ്രവർത്തനം, ദർശനങ്ങൾ ഇവയെ പരിചയപ്പെടുത്തുന്ന ലേഖനമാണ് കുറ്റിപ്പുഴയുടെ "ശ്രീനാരായണഗുരു".

## ആശയങ്ങൾ

- ഭാരതം നിരവധി സാമൂഹ്യ നവോത്ഥാനനായകന്മാർക്ക് ജന്മം നൽകിയിട്ടുണ്ട്. അവരിൽ നിന്നൊക്കെ വ്യത്യസ്തമായി ഗുരുവിന്റെ ചിന്തകളും പ്രവർത്തനങ്ങളും സമൂഹത്തിന് എക്കാലവും വെളിച്ചമായി നിൽക്കുന്നു.
- യോഗിയും അദ്വൈതിയുമായ ഗുരു സ്വന്തം മോക്ഷം ലക്ഷ്യമാക്കിയല്ല, മറിച്ച് സമൂഹനന്മയ്ക്കുവേണ്ടിയാണ് അറിവും ശക്തിയും ചെലവാക്കിയത്.
- യോഗശക്തിയെയും ജ്ഞാനശക്തിയെയും ലോകനന്മയ്ക്കായി പ്രസരിപ്പിച്ചു.
- അന്ധകാരത്തിലാണ്ടുകിടന്ന ജനതയ്ക്ക് വെളിച്ചം നൽകി.
- ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്ത് കേരളീയരെ മനുഷ്യത്വം പഠിപ്പിച്ചു.
- കർമ്മത്തെയും ജ്ഞാനത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രായോഗിക വേദാന്തത്തിന് ഗുരു പ്രാധാന്യംനൽകി.
- മനുഷ്യജാതിയെന്ന വിശാലമായ ആശയത്തിന്റെ പ്രഥമാവതാരകൻ.
- മുഢമായ ആചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലാതാക്കി സമൂഹത്തിൽ വിപ്ലവം സൃഷ്ടിച്ചു.

- സുപ്രസിദ്ധമായ ഗുരുവചനങ്ങൾ

  "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽമതി"

  "മനുഷ്യാണാം മനുഷ്യത്വം"

  "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"
- മതാതീതനായ തത്ത്വജ്ഞാനിയായിരുന്നു ഗുരു.
- അധഃസ്ഥിത സമുദായങ്ങളെ പടിപടിയായി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള താത്ക്കാലികോപാധി മാത്രമായിരുന്നു ഗുരുവിന്റെ ക്ഷേത്രം സ്ഥാപിക്കലുകൾ.
- ക്ഷേത്രങ്ങളല്ല, തൊഴിൽശാലകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് മനുഷ്യന് ആവശ്യമെന്ന് തുറന്നു പറഞ്ഞു.
- സാർവ്വലൗകികത്വം, ലളിതഭാഷ എന്നിവ ശ്രീനാരായണ ഉപദേശങ്ങളുടെ പ്രധാന പ്രത്യേകതയാണ്.
- വിദ്യാഭ്യാസം, തൊഴിൽ, സംഘടന, ജീവിതശുദ്ധി എന്നിവയാണ് അധഃസ്ഥിത സമുദായക്കാർക്ക് വേണ്ടതെന്ന് ഗുരു ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.
- ഗുരുവചനങ്ങളും മഹത്ച്ചരിതവും ഭാവി തലമുറയ്ക്ക് എന്നും പ്രചോദനമാണ്.

**പ്രവർത്തനം I** **(സ്കോർ 1)**

1. മാതൃകപോലെ എഴുതുക.
   - സർവ്വലോകങ്ങളെയും സംബന്ധിക്കുന്നത് - സാർവ്വലൗകികം
   - ദ്വൈതമല്ലാത്തത് - അദ്വൈതം
2. പിരിച്ചെഴുതുക

   ജാതിപ്പിശാച് - ജാതി + പിശാച്
3. 'അധഃകൃത വർഗ്ഗോദ്ധാരകൻ' എന്ന് ഗുരുവിനെ വിശേഷപ്പിച്ചതെന്തുകൊണ്ട്?

   ഗുരു സാധാരണമനുഷ്യനൊപ്പം ചേർന്നു നിന്നതുകൊണ്ട്.

4. ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന കർമ്മപരിപാടിയാണ് ...............................................

- അധഃകൃതവർഗ്ഗോദ്ധാരണം
- തൊഴിൽശാലകൾ
- വിദ്യാലയങ്ങൾ
- വിപ്ലവങ്ങൾ

5. 'പ്രായോഗിക വേദാന്തം' വിഗ്രഹിച്ചെഴുതുക.

പ്രയോഗികമായ വേദാന്തം

**പ്രവർത്തനം II** **(സ്കോർ 2)**

1. "അന്ധഗജന്യായംകൊണ്ട് അദ്ദേഹം മതഭേദങ്ങളെ കളിയാക്കുക കൂടി ചെയ്യുന്നുണ്ട്."

അടിവരയിട്ട ന്യായം ഉദ്ദേശിക്കുന്നതെന്ത്? രണ്ടു വാക്യമെഴുതുക.

- ആനയെ കണ്ട അന്ധന്മാർ തങ്ങൾ കണ്ടഭാഗം മാത്രം വെച്ച് ആനയെ വിലയിരുത്തി.
- മതങ്ങളെ പൂർണ്ണമായി പഠിക്കാതെ മതകാര്യങ്ങൾ ചർച്ചചെയ്യുന്ന മതപണ്ഡിതന്മാർ ഈ ന്യായത്തിലെ അന്ധന്മാരെ പോലെയാണ്.

3. അഭംഗി പരിഹരിക്കുക

ശ്രീനാരായണ സന്ദേശങ്ങൾ എല്ലാക്കാലത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരികമായ വികസനത്തിന് ഏറ്റവും അത്യന്തം ഉപകരിക്കപ്പെടുന്നു.

◆ **ഉത്തര സൂചന**

ശ്രീനാരായണ സന്ദേശങ്ങൾ എല്ലാക്കാലത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്ക്കാരിക വികാസത്തിന് അത്യന്തം ഉപകരിക്കപ്പെടുന്നതുമാണ്.

**പ്രവർത്തനം III** **(സ്കോർ 4)**

1. "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽമതി"

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"

എന്നീ ഗുരുവചനങ്ങളുടെ അർത്ഥവ്യാപ്തിയെക്കുറിച്ച് കുറ്റിപ്പുഴയുടെ നിരീക്ഷണങ്ങൾ സംഗ്രഹിച്ച് കുറിപ്പെഴുതുക.

◆ **ഉത്തര സൂചന**

- മനുഷ്യൻ ഏതുമതത്തിലോ ജാതിയിലോ പെട്ടതായാലും അവനവന്റെ നല്ല പ്രവൃത്തികൾ സമൂഹനന്മയ്ക്ക് പ്രയോജനപ്പെടണം.
- മനുഷ്യനന്മയ്ക്കാണ് ഗുരുവചനങ്ങൾ പ്രാധാന്യം നൽകുന്നത്.
- മനുഷ്യനന്മയ്ക്ക് മതം ആവശ്യമില്ല.
- 'ഏകലോകം' എന്ന വിശാലമായ ആശയം ഗുരുവചനങ്ങളിൽ കാണാം.
- ഏതു രാജ്യത്തും ഏതുകാലത്തും ഏതുമനുഷ്യർക്കും ഗുരുവചനങ്ങൾ പ്രസക്തമാണ്. ജാതി, മതം, വർഗ്ഗം എന്ന വേർതിരിവില്ലാതെ മനുഷ്യത്വമെന്ന ഒറ്റമതത്തിൽ അടിയുന്ന് നിൽക്കുന്നു ഗുരുദർശനങ്ങൾ.
- ക്രോഡീകരണം

2. "എല്ലാ മതങ്ങളിലും ചെന്നുചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് ശ്രീനാരായണ ഗുരു സംസാരിച്ചത്." ഗുരുവിന്റെ മതദർശനത്തെ കുറിച്ച് കുറിപ്പെഴുതുക.

- മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയം.
- അന്ധവിശ്വസങ്ങളെയും മൂഢാചാരങ്ങളെയും എതിർത്തു.
- അദ്വൈതദർശനം.
- മനുഷ്യനന്മയ്ക്കാണ് ഗുരുദർശനങ്ങളിൽ പ്രാധാന്യം.
- എല്ലാ മതങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്.

## പ്രവർത്തനം IV (സ്കോർ 6)

1. 'ശ്രീനാരായണ ഗുരുദർശനങ്ങളുടെ സമകാലികപ്രസക്തി' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

ഉത്തരസൂചനകൾ

- ശ്രീനാരായണഗുരു ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ - ജാതീയമായ ഉച്ചനീചത്വങ്ങൾ, അയിത്തം, വിദ്യാഭ്യാസമില്ലായ്മ.
- ജാതി, മതം, നിറം എന്നിവയുടെ പേരിൽ സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ട ജനതയ്ക്കു നടുവിലേക്ക് ഗുരു ഇറങ്ങിച്ചെന്ന് പ്രവർത്തിച്ചു.
- അധഃസ്ഥിതസമുദായങ്ങളെ പടിപടിയായി ഉയർത്തിക്കൊണ്ടു വരാൻ ക്ഷേത്രങ്ങൾ പണിതു.
- 'മനുഷ്യൻ നന്നായാൽ മതം താനേ നന്നായിക്കൊള്ളും' എന്ന അർത്ഥം വരുന്ന വചനം
- ലോകമൊട്ടാകെയുള്ള മനുഷ്യവികാസമാണ് ഗുരു ലക്ഷ്യമിട്ടത്.
- മനുഷ്യനന്മയ്ക്കായിരുന്നു ഗുരുവചനങ്ങളിൽ പ്രാധാന്യം.
- ഗുരുവചനങ്ങൾക്ക് സാർവ്വലൗകിക സ്വഭാവമുണ്ട്.
- ജാതിയുടെയും മതത്തിന്റെയും പേരിൽ കലഹിക്കുന്ന വർത്തമാനകാലം.
- ഗുരുദർശനങ്ങൾക്ക് ഈ വർത്തമാനകാലത്ത് പ്രാധാന്യമേറുന്നു.

# യൂണിറ്റ് III

# വാക്കുകൾ വിടരുന്ന പുലരികൾ

## ആമുഖം

ഉന്മേഷം, ഉത്സാഹം, വെളിച്ചം, കുളിർമ്മ, പ്രതീക്ഷ ഇവ നിറച്ചുകൊണ്ടാണ് പുലരികൾ വിടരുന്നത്. നവചേതനയുടെ ശുഭചിന്തകൾ മനസ്സുകളിൽ വിടർത്തുന്ന വാക്കിന്റെ പുലരികൾ മനുഷ്യന് താങ്ങും തണലുമാകും. അഗ്നിപടർത്തി വെളിച്ചം വിതറുവാനും ചിതയായി ചുട്ടെരിക്കുവാനും കഴിവുള്ള അപാരമായശക്തി വാക്കിലൊളിഞ്ഞിരിക്കുന്നുണ്ട്. ഓർമ്മകൾക്കും സ്വപ്നങ്ങൾക്കും കാഴ്ചകൾക്കും കേൾവികൾക്കും ചാരുതചേർക്കുന്നതും വാക്കുകൾ. ഉയരെ ഉയരെ പറത്താനും ഊക്കോടെ നിലംപതിപ്പിക്കുവാനും വാക്കുകൾക്ക് ശക്തിയുണ്ട്. വാക്കുകൾ വിടരുന്ന പുലരികൾ എന്ന യൂണിറ്റിൽ മൂന്ന് പാഠഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നീതിരഹിതവും അധാർമ്മികവുമായി മാധ്യമസംസ്കാരം വികലമാക്കപ്പെടുന്നതിനെ വിമർശിക്കുന്ന ലേഖനമാണ് സുകുമാർ അഴീക്കോടിന്റെ 'പത്രനീതി'. ശ്രവ്യസംസ്കാരത്തിന്റെ അടയാളപ്പെടുത്തലായ റേഡിയോ വാർത്തകൾ അറിയാനും അറിയിക്കാനും അറിയിപ്പിക്കാനും മാത്രമുള്ള മാധ്യമമല്ല. മറിച്ച് ആനന്ദിപ്പിക്കാനും സാന്ത്വനിപ്പിക്കാനും കൂടിയുള്ളതാണ് എന്ന ഓർമ്മപ്പെടുത്തലാണ് ഇ. സന്തോഷ് കുമാറിന്റെ 'പണയം' എന്ന ചെറുകഥ. മനുഷ്യബന്ധങ്ങളെ പൊട്ടാതെ കോർത്തിണക്കിയിരുന്ന കത്തുകൾ ആത്മബന്ധത്തിന്റെ നാഭീനാളച്ചരടായിരുന്നു. മാതാവും മാതൃഭാഷയും അന്യഭാഷാസ്വാധീനത്താൽ അടിമയാക്കപ്പെടുന്നതിന്റെ വേദന വി. മധുസൂദനൻനായരുടെ 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിൽ പ്രകടമാവുന്നു.

## പ്രവേശകം

അയ്യപ്പപ്പണിക്കരുടെ 'തത്തമ്മ' എന്ന കവിതയിലെ വരികളാണ് പ്രവേശകമായ് തന്നിട്ടുള്ളത്. നന്മയും തിന്മയും തിരിച്ചറിഞ്ഞ് നല്ലമാർഗ്ഗത്തിലൂടെ സഞ്ചരിക്കണമെന്നും തിന്മകൾ കണ്ടാൽ കൊത്തിക്കീറണമെന്നും ഉപദേശിക്കുന്ന വരികൾ.

## പ്രവർത്തനം

"നന്മകൾ കണ്ടതു കേട്ടതുചൊല്ലാൻ നാക്കിനു കഴിയട്ടെ

തിന്മകൾ കണ്ടതുകൊത്തിക്കീറാൻ കൊക്കിനു കഴിയട്ടെ"

ഭാഷ പ്രതികരിക്കുവാനുള്ള ശക്തമായ മാധ്യമമാണോ? സമകാലിക സംഭവങ്ങൾ കൂട്ടി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- **ഉത്തര സൂചന**
  - പ്രതികരണത്തിനുള്ള ശക്തമായ മാധ്യമമാണ് ഭാഷ
  - കേട്ടതും കണ്ടതുമായ നന്മകൾ ജീവിതപാഠമാക്കണം
  - തിന്മകൾ കണ്ടാൽ ശക്തമായി പ്രതികരിക്കണം
  - സാമൂഹിക പ്രശ്നങ്ങൾ അറിയാനും ഇടപെടലുകൾ നടത്താനും കഴിയണം.

# പാഠം - 1

# പത്രനീതി

## സുകുമാർ അഴിക്കോട്

## ആമുഖം

ചിന്തകനും വിമർശകനും വാഗ്മിയുമായിരുന്ന സുകുമാർ അഴിക്കോടിന്റെ നവയാത്രകൾ എന്ന കൃതിയിലെ ഒരു ലേഖനഭാഗമാണ് പത്രനീതി. പത്രങ്ങളുടെ പ്രാധാന്യത്തെയും ഗുണദോഷങ്ങളെയും കുറിച്ച് ചർച്ചചെയ്യുന്ന ലേഖനത്തിൽ സത്യം, ധർമ്മം, നീതി ഇവയിലുറച്ച് പത്രങ്ങൾ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. വർത്തമാനപ്പത്രങ്ങളെക്കുറിച്ച് എഴുതിയ ലേഖനമെങ്കിലും നവമാധ്യമ സംസ്കാരത്തിന്റെ മൂല്യച്യുതിക്കെതിരെയുള്ള ചൂണ്ടുവിരലായി ലേഖനം മാറുന്നു. മാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ, പ്രശസ്തരുടെ പ്രസ്താവനകൾ, വിമർശനങ്ങൾ ഇവ ഉൾക്കൊള്ളുന്നതാണ് പാഠഭാഗം.

## ആശയം – നിരീക്ഷണങ്ങൾ

- പ്രതിദിന വർത്താമാധ്യമങ്ങളെക്കുറിച്ച് പരാമർശിക്കുന്നു.
- വാർത്തകൾ അറിയാനും അറിയിക്കാനും മാത്രമല്ല. വാർത്ത നൽകുന്നതിനും പത്രത്തെ ആശ്രയിക്കേണ്ടിവരുന്നു.
- പത്രങ്ങൾ എല്ലാറ്റിനേയും പറ്റി വൃത്താന്തകൾ തരുന്നുവെന്നുമാത്രമല്ല അവയെ വിമർശിക്കുകയും ചെയ്യുന്നു.
- എന്നാൽ പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല.
- ഭയം മൂലം ഭരണാധികാരികൾ പത്രത്തെ പീഡിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നു.

## പ്രസ്താവനകൾ/ ആശയങ്ങൾ

- "ബയണറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്"

  -നെപ്പോളിയൻ-

- "രാഷ്ട്രീയത്തിലെ നാലമത്തെ മഹാശക്തിയാണ് പത്രം." - ഒരു ചിന്തകൻ
- "തന്റെ ആകെയുള്ള അറിവ് പത്രങ്ങളിൽ നിന്ന് കിട്ടിയതാണ്."
- "പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാത്ത പത്രമുള്ള അവസ്ഥയാണ്."

  -ജഫേഴ്സൺ-

- മൂർച്ചയേറിയ ബയണറ്റെന്ന ആയുധത്തേക്കാൾ ഭരണാധികാരികൾ ഭയപ്പെടുന്നത് അധികാരം തച്ചുടയ്ക്കാൻ ശേഷിയുള്ള പത്രങ്ങളെയാണ്.
- പത്രമുണ്ടായാൽ എല്ലാമായി എന്ന് ചിന്തകരുടെ അഭിപ്രായസാരം
- അരാജകമായ ഒരവസ്ഥയിൽപോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു എന്നതാണ് ജഫേഴ്സൺ പറഞ്ഞതിന്റെ ഉള്ളടക്കം.
- ഏത് പ്രതികൂല സാഹചര്യത്തിലും പത്രം അതിന്റെ ഉയർന്ന നിലയിൽ നിലകൊള്ളണം.

## വിമർശനങ്ങൾ

- "സാഹിത്യം വായിക്കപ്പെടുന്നില്ല. പത്രം വായിക്കാൻ കൊള്ളുകയുമില്ല"

  -ഓസ്ക്കാർ വൈൽഡ്-

- പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോഴാണ്.
- "മൃഗങ്ങളുടെമേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞൻ പത്രപ്രവർത്തകരുടയും രാഷ്ട്രീയ പ്രവർത്തകരുടേയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ"

  -ഇബ്സൻ-

ഇബ്സന്റെ വാക്കുകളിൽ പത്രപ്രവർത്തകരുടെ സ്ഥാപിതതാല്പര്യങ്ങൾ കക്ഷിരാഷ്ട്രീയ ഭേദങ്ങൾ എന്നിവയെ വിമർശനവിധേയമാക്കുന്നു.

- "പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്താൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു."

  തെറ്റായവാർത്തകൾ നൽകി സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്ന മാധ്യമരീതിയെ വിമർശിക്കുകയാണിവിടെ.

  "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയസേവനം, അച്ചടിച്ചത് കണ്ടാൽ

  അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്."

  -സാമുവൽ ബട്‌ലർ-

- നവമാധ്യമസംസ്കാരത്തിൽവീണ കരിനിഴലിനെ പരിഹരിക്കുകയാണദ്ദേഹം
- എങ്കിലും വാർത്തകൾ അറിയാനുള്ള ജനങ്ങളുടെ താല്പര്യം ഹനിക്കുവാൻ തെറ്റായ മാധ്യമരീതികൾക്ക് കഴിയില്ല.
- പത്രവായന പുകവലിപോലെയുള്ള ഒരു ദുശ്ശീലമാണ്.
- ആദ്യകാലപത്രങ്ങൾ സത്യം, നീതി, ധർമ്മം ഇവയിലടിയുറച്ച് സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിച്ചിരുന്നു.
- വായനക്കാർക്ക് പത്രസ്ഥാപനങ്ങൾ വ്യവസായവൽക്കരിക്കപ്പെട്ടപ്പോൾ ആരംഗത്ത് വലുതായ മൂല്യച്യുതി ഉണ്ടായി.
- ജനങ്ങൾ പത്രങ്ങളെ അവിശ്വസിക്കുവാൻ കാരണമാവുകയും വാർത്തകളുടെ ശരി തെറ്റുകൾ ബോധ്യപ്പെടാൻ തനിയെ പരിശ്രമിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു.

**പ്രവർത്തനം I** **(സ്കോർ 1)**

1. പത്രത്തെ എതിർക്കേണ്ടി വന്നാൽ ആ എതിർപ്പിനുപോലും പ്രചാരംവേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം.

   പ്രസ്താവനയുടെ പൊരുൾ എഴുതുക.

   - സമകാലജീവിതത്തിൽ പത്രത്തിനുള്ള പ്രാധാന്യം

2. "പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക.

   ഭരണമില്ലാത്ത പത്രമുള്ള അവസ്ഥയാണ്."

-വാക്യം നൽകുന്ന അർത്ഥസൂചന എഴുതുക.

പത്രമുണ്ടെങ്കിൽ എല്ലാമായി

3. മാതൃകപോലെ എഴുതുക

പ്രതിദിനം - ദിനതോറും

സ്വാതന്ത്ര്യപ്രേമി -

4. ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്

വാക്യം നൽകുന്ന അർത്ഥസൂചന എഴുതുക?

പത്രത്തിന്റെ ശക്തി

**പ്രവർത്തനം II** **(സ്കോർ 2)**

1. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളായി എഴുതുക?

എന്തിന്റേയും മറുവശം ചൂണ്ടിക്കാണിക്കുന്നതിൽ അതി വിരുതനായിരുന്ന ഓസ്കാർ വൈൽഡ് പത്രങ്ങളുടെ ദ്രോഹകാരിത്വത്തെ പലപ്പോഴും കളിയാക്കിക്കൊണ്ടിരുന്നു.

2. "മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞൻ പത്രപ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും മേലെ ശസ്ത്രക്രിയനടത്തി പരീക്ഷിക്കട്ടെ"

ഇബ്സന്റ പ്രസ്താവന ധ്വനിപ്പിക്കുന്ന ആശയം രണ്ട് സൂചനകളായി എഴുതുക?

- പത്രപ്രവർത്തകന്റെ മൂല്യച്യുതി
- രാഷ്ട്രീയപ്രവർത്തകന്റെ കക്ഷിതാൽപര്യം

**പ്രവർത്തനം III** **(സ്കോർ 4)**

1. "നെപ്പോളിയൻ തുറന്നുപറഞ്ഞു ബയനറ്റിനേക്കാൾ ഞാൻ ഭയക്കുന്നത് പത്രത്തെയാണ്"

- പത്രനീതി (സുമാർ അഴിക്കോട്)

"വാക്കിനോളളം തൂക്കമില്ലീ
ഊക്കൻ ഭൂമിക്കുപോലുമേ"

- കുഞ്ഞുണ്ണി

എപ്പോഴും സാമൂഹികതിന്മകൾക്ക് എതിരെ തൂലിക ചലിപ്പിക്കുന്നവനാണോ മാധ്യമപ്രവർത്തകൻ? പ്രസ്താവനകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- **ഉത്തര സൂചന**
  - തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ മാധ്യമപ്രവർത്തകന് കഴിയണം.
  - വാക്കിന്റെ ശക്തി അപാരമാണ്
  - വ്യക്തിയേയും സമൂഹത്തെയും വളർത്താനും തളർത്താനും വാക്കുകൾക്ക് കഴിയും.
  - സ്വേച്ഛാധിപതികൾപോലും വാക്കിന്റെ ശക്തിയെ ഭയക്കുന്നു.

2. "പത്രം അസത്യമാണെന്ന് അറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു."

   യഥാർത്ഥ പത്രപ്രവർത്തകന് യോജിച്ചതാണോ ഈ പ്രസ്താവന? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

   - സ്ഥാപിതതാല്പര്യങ്ങൾ മാധ്യമപ്രവർത്തകന് ഭൂഷണമല്ല.
   - തെറ്റായ വാർത്തകൾ ആവർത്തിച്ചുപറഞ്ഞ് ജനങ്ങളെ പ്രതിക്കൂട്ടിലാക്കുന്നു.
   - ശരി, തെറ്റ് വിവേചന ബോധത്തോടെയാകണം വാർത്തകൾ പ്രസിദ്ധീകരിക്കേണ്ടത്.
   - തെറ്റായ വാർത്ത ചില വ്യക്തികളുടെ ജീവിതത്തിൽ ദുരന്തങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## പ്രവർത്തനം IV (സ്കോർ 6)

1. "വീടകവിദ്യാഭ്യാസകാലത്ത് നവമാധ്യമങ്ങൾവഴിയുള്ള ഓൺലൈൻ പഠനം അനിവാര്യമായിരുന്നു. എന്നാൽ ഇത്തരം മാധ്യമങ്ങളുടെ ദുരുപയോഗം ബാല്യകൗമാര മനസ്സുകളിൽ ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനു തെറ്റായ വഴികളിലേക്ക് പുതുതലമുറയെ നയിക്കുന്നതിനും ഇടവന്നു."

   ഈ പ്രസ്താവനയോട് പ്രതികരിച്ചുകൊണ്ട് 'നവമാധ്യമങ്ങളും കുട്ടികളും' എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

   (ഘടന പാലിച്ചെഴുതുക- ശീർഷകം, പ്രശ്നം, വിശകലനം, നിഗമനം, പരിഹാരം)

- **ഉത്തര സൂചന**
- നവമാധ്യമങ്ങളും കുട്ടികളും
- വീടകവിദ്യാഭ്യാസസാഹചര്യം
- കുട്ടികളിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ
- സൗഹൃദങ്ങൾ കൂട്ടായ്മകൾ
- കുടുംബാന്തരീക്ഷവും നവമാധ്യമങ്ങളും
- കുട്ടികളിലുണ്ടായ ശാരീരിക മാനസിക പ്രശ്നങ്ങൾ

# പാഠം – 2

# പണയം

## ഇ. സന്തോഷ്കുമാർ

## ആമുഖം

ചെറുകഥാശില്പത്തിൽ പുതിയൊരു ഭാവുകത്വശൈലി അടയാളപ്പെടുത്തിയ ഇ. സന്തോഷ് കുമാറിന്റെ ചെറുകഥയാണ് പണയം. ദൃശ്യമാധ്യമങ്ങളുടെ ആധിപത്യകാലത്തിനു മുമ്പ് ആറാട്ടുകുന്നിലെ ജനതയുടെ സംവേദന മാധ്യമമായി മാറിയ ചാക്കുണ്ണിയുടെ റേഡിയോയും അയാളുടെ ഇത്തിരിപ്പോന്ന ജീവിതവും ഇതിൽ അനാവൃതമാക്കിയിരിക്കുന്നു. സ്വർണ്ണം ചോരേലുണ്ടാർന്ന ചെമ്പുമത്തായി മറ്റൊരു കഥാപാത്രമാണ്. കലാഹൃദയനായ ചാക്കുണ്ണിയുടെ ജീവിതദൈന്യവും ചെമ്പുമത്തായിയുടെ പണക്കൊതിയും തമ്മിലുള്ള പൊരുത്തക്കേടുകൾക്കൊപ്പം മാധ്യമങ്ങൾ അറിയാനും അറിയിക്കാനും മാത്രമല്ല ആനന്ദിപ്പിക്കുവാനും ആശ്വസിപ്പിക്കുവാനും കൂടി ഉള്ളതാണെന്ന് 'പണയം' ഓർമ്മപ്പെടുത്തുന്നു.

## ആശയങ്ങൾ

- ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനും കലാസ്നേഹിയുമായ തയ്യൽക്കാരനാണ് ചാക്കുണ്ണി.
- കാലിലെ ആണിരോഗം വകവയ്ക്കാതെ കഠിനമായി അധ്വാനിച്ച് അയാൾ ഒരു റേഡിയോ സ്വന്തമാക്കുകയും മകനെപോലെ സംരക്ഷിക്കുകയും ചെയ്യുന്നു.
- റേഡിയോ വന്നതിലൂടെ ആറാട്ടുകുന്നിന്റെ ആസ്വാദനസംസ്കാരത്തിന് ഒരടിത്തറ യുണ്ടാകുന്നു.
- ചാക്കുണ്ണിയുടെ തയ്യലിന്റെതാളം പാട്ടിന്റെ താളത്തിലാകുന്നു.

- കുടുംബത്തിൽ ഊഷ്മളമായ നിമിഷങ്ങൾ സംജാതമാകുന്നു.
- ഇളയകുട്ടി രോഗബാധിതനായതോടെ ചാക്കുണ്ണിയുടെ ജീവിതതാളം തെറ്റുന്നു.
- ചികിത്സയ്ക്ക് പൈസ തികയാതെ വന്നപ്പോൾ പലിശക്കാരനായ ചെമ്പുമത്തായിക്ക് റേഡിയോ പണയപ്പെടുത്തി പണം കടംവാങ്ങുന്നു.
- മകൻ മരിച്ചതോടെ ചാക്കുണ്ണിയുടെ മനസ്സിന്റെ വേദന വർദ്ധിക്കുകയും അയാൾ അവശനായിത്തീരുകയും ചെയ്യുന്നു.
- ഒച്ചയും ബഹളവുമില്ലാതെ തന്റെ ദുരന്തജീവിതത്തിലൂടെ കടന്നുപോകുന്ന ചാക്കുണ്ണിയും സ്വർണ്ണം ചോരേലുണ്ടാർന്ന ചെമ്പമത്തായിയും വ്യത്യസ്തസ്വഭാവക്കാരായ മനുഷ്യരെ പ്രതിനിധീകരിക്കുന്നു.
- പഴയകാല ഗ്രാമീണനന്മകളുടെ ഭാഗമായ ശ്രവണസംസ്കാരത്തെ വിലയിരുത്താൻ റേഡിയോ സഹായകമാവുന്നു.

**പ്രവർത്തനം I** **(സ്കോർ 1)**

1. "മൂന്നുപതിറ്റാണ്ടായി <u>നൂലുകോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ</u>കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു.

   അടിവരയിട്ട പ്രയോഗം നൽകുന്ന ഭാവം എഴുതുക?

   - ദൈന്യം

2. "ചാക്കോരു മാപ്ലയ്ക്ക് സ്വർണ്ണം ചോരേലുണ്ടാർന്നു"- പ്രയോഗത്തിന്റെ ധ്വനിതലം കണ്ടെത്തുക.

   - മത്തായിയുടെ പിതാവിന്റെ കച്ചവടസാമർത്ഥ്യം

3. "മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചുതേങ്ങി."

   സന്ദർഭം സൂചനയായി എഴുതുക?

   - റേഡിയോ നഷ്ടപ്പെട്ട ചാക്കുണ്ണിയുടെ അവസ്ഥ.

4. ചെമ്പുമത്തായിയുടെ അടുക്കൽച്ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.

പ്രയോഗം നൽകുന്ന അർഥസൂചന എഴുതുക?

- റേഡിയോയുടെ സുരക്ഷയെക്കുറിച്ചുള്ള ആധി.

## പ്രവർത്തനം II (സ്കോർ 2)

1. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള് ! ആ നേരം വല്ല പണം എടുത്താല് നാല് കാശുണ്ടാക്കാം.

-വാക്യം സൂചിപ്പിക്കുന്ന ചെമ്പുമത്തായിയുടെ രണ്ട് സ്വഭാവസവിശേഷതകൾ കുറിക്കുക?

- കലയോട് താല്പര്യമില്ല
- പണം ഉണ്ടാക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

2. അതല്ല, മത്തായി മൂപ്പര് ശ്രദ്ധിക്കുംന്ന് എനിക്കറിയാം.... ന്നാലും ...ഇതൊ കുട്ട്യേൾടപോലെ നോക്കണ്ട സാധാനങ്ങളാണേ?

സന്ദർഭം പരിശോധിച്ച് ചാക്കുണ്ണിയുടെ സ്വഭാവത്തിലെ രണ്ട് സവിശേഷതകൾ എഴുതുക.

- സ്വന്തം കുഞ്ഞിനെപോലെ റേഡിയോയെ പരിചരിക്കുന്നു.
- പണയം വയ്ക്കുമ്പോഴും അതിന്റെ ഭാവിയെക്കുറിച്ച് വ്യാകുലപ്പെടുന്നു.

## പ്രവർത്തനം III (സ്കോർ 4)

1. "മനുഷ്യജീവിതത്തിൽ പണം മാത്രം പോരാ... നല്ല മനുഷ്യരാകാൻ സഹൃദയത്വവും വേണം."

ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ. പണയം എന്നകഥയിലെ മറ്റുസന്ദർഭങ്ങൾ കൂടി പരിശോധിച്ച് സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- കല ജോലിഭാരം കുറയ്ക്കുന്നു.
- സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നു.
- കുടുംബബന്ധങ്ങൾ ദൃഢതരമാക്കുന്നു.
- ഊഷ്മളമായ സൗഹൃദങ്ങൾ വളർത്തുന്നു.

2. മനുഷ്യകഥാപാത്രങ്ങളേക്കാൾ മനുഷ്യേതര കഥാപാത്രങ്ങൾക്ക് സാഹിത്യത്തിൽ സവിശേഷപ്രാധാന്യം ലഭിക്കാറുണ്ട്. - 'പണയ'ത്തിൽ റേഡിയോയുടെ സ്ഥാനം നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.

<u>ഉത്തരസൂചനകൾ</u>

- റേഡിയോ ഒരു മനുഷ്യേതര കഥാപാത്രം
- ചാക്കുണ്ണിക്ക് റേഡിയോയുമായുള്ള ബന്ധം
- ആറാട്ടുകുന്നിൽ റേഡിയോ ചെലുത്തിയ സ്വാധീനം
- സ്വന്തം നിരീക്ഷണങ്ങൾ

**പ്രവർത്തനം IV** **(സ്കോർ 6)**

1. "സ്വന്തം കുഞ്ഞിനെപ്പോലെ ചാക്കുണ്ണി റേഡിയോയെ പരിഗണിക്കുന്നു."

"ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നുതാഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനുവേണ്ടി കാതോർത്തു"

"ഒരു റേഡിയോ വാങ്ങിക്കണം സുക്കോ?"

ഒരു ചലച്ചിത്രത്തിലെന്നപോലെയുള്ള ആഖ്യാനരീതി പണയം എന്ന കഥ ആസ്വാദ്യകരമാകുന്നു. കഥ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

- **ഉത്തര സൂചന**

- പണയം ജീവിതഗന്ധിയായ പ്രമേയം
- ലളിതവും സൂക്ഷ്മവുമായ ആഖ്യാനരീതി
- കുറച്ചുമാത്രം കഥാപാത്രങ്ങൾ
- സന്ദർഭങ്ങളുടെ സൂക്ഷ്മമായ സംയോജനം
- ഒച്ചയില്ലാതെ പോകുന്ന കഥാഗതി
-
-

# പാഠം – 3

# അമ്മയുടെ എഴുത്തുകൾ

## വി. മധുസൂദനൻ നായർ

## ആമുഖം

മാതൃത്വത്തിന്റെ മഹത്ത്വവും മാതൃഭാഷയുടെ മാധുര്യവും വിളിച്ചോതുന്ന വി. മധുസൂദനൻ നായരുടെ കവിതയാണ് 'അമ്മയുടെ എഴുത്തുകൾ'. ജീവിതസുഖം തേടി പ്രവാസിയായി മാറുമ്പോൾ മാതാവ് ഉപേക്ഷിക്കപ്പെട്ട് പോകുന്നു. വൈദേശിക ഭാഷയുടെ പ്രൗഢിയിൽ മാതൃഭാഷയും അന്യമാകുന്നു. നഷ്ടസൗഭാഗ്യങ്ങളോർത്ത് കാലാന്തരത്തിൽ വിലപിക്കുമ്പോൾ അറ്റുപോയ വേരുകൾ പരിഹസിക്കുന്നു. സ്വയം നഷ്ടപ്പെട്ടവന്റെ അനന്തരതലമുറ ആലംബഹീനരായിമാറുമെന്ന് കവി ഭയപ്പെടുന്നു. നാഗരികചേരുവയിൽ ഉപ്പായിമാറാത്ത അമ്മയുടെ കത്തുകൾ ചായ്പിലെ കാൽപ്പെട്ടിയിലും ഒപ്പം മനസ്സിന്റെ പെട്ടിയിലും അടച്ചൊതുക്കി വയ്ക്കേണ്ടിവരുന്നു.

## ആശയങ്ങൾ

- നഗരജീവിതത്തിനിടയിൽ കവി കണ്ടെത്തുന്ന അമ്മയുടെ കത്തുകളാണ് കവിതയുടെ ആശയം.
- പട്ടണത്തിലെ വീടിനു മോടികൂട്ടാൻ നേരം അമ്മ മകനായി മുൻപ് എഴുതിയ കത്തുകൾ അടുക്കി ഒതുക്കിവയ്ക്കാൻ ഭാര്യ ശ്രമിക്കുന്നു.
- പട്ടണക്കോപ്പുകൾ മോടികൂട്ടുന്ന ചില്ലലമാരയ്ക്ക് അമ്മയുടെ കത്തുകൾ അധികഭാരമായിരുന്നു.

- എന്നാൽ അമ്മയുടെ വാത്സല്യവും സ്നേഹവും ആശങ്കയും കരുതലുമൊക്കെ ഈ കത്തുകളിൽ മകൻ കാണുന്നു.
- അമ്മയുടെ ആശങ്കയും സാരോപദേശങ്ങളും മാത്രമല്ല നാടുമായുള്ള ബന്ധത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണീ കത്തുകൾ.
- മാതാവിന്റെ പൊക്കിൾക്കൊടിബന്ധം അടർത്തി സ്വന്തം കുടുംബത്തിനുവേണ്ടി ജീവിക്കേണ്ടി വന്നപ്പോഴും കത്തുകൾ തലോടലായും തണലായും അയാളെത്തേടി വന്നുകൊണ്ടിരുന്നു.
- തായ്മൊഴി, തായ്ച്ചൊല്ല്, താരാട്ടിന്റെ മാധുര്യം എല്ലാം മറക്കുന്ന പണത്തിനും ജീവിത സുഖങ്ങൾക്കും വേണ്ടി വിദേശങ്ങളിലെത്തുന്ന തലമുറയോടുള്ള കവിയുടെ അമർഷമായും അവരോടുള്ള ഉപദേശങ്ങളായും കവിത വായിക്കാം.
- മാതാവിനേയും മാതൃനാടിനേയും മാതൃഭാഷയേയും മറന്ന് അന്യസംസ്കാരത്തിലഭയം തേടുന്ന മലയാളികളുടെ അനന്തരതലമുറകളെപ്പറ്റിയുള്ള ആശങ്കയും കവിതയിൽ നിറയുന്നുണ്ട്.

**പ്രവർത്തനം I** **(സ്കോർ 1)**

1. അമ്മതൻ <u>ചിന്മുദ്രയാണീ</u>യെഴുത്തുകൾ

   തന്മകനായി പിറന്ന പാൽമുത്തുകൾ

   അടിവരയിട്ട പദം ധ്വനിപ്പിക്കുന്ന അർത്ഥസൂചനയെഴുതുക?

   ◆ **ഉത്തര സൂചന**

   - മനസ്സിന്റെ അടയാളം

2. നാദമായ് വന്നെന്റെ നാവിലെത്തേനായി

   നാദിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ - പ്രയോഗം ഉണർത്തുന്ന സ്മരണ എഴുതുക.

   ◆ **ഉത്തര സൂചന**

   - ജനിച്ചയുടനെ പകർന്നുതന്ന തേൻമധുരം

3. ആരുവായിക്കുമീയുള്ളെഴുത്തുകൾ - കവിയുടെ ആശങ്ക സൂചനയായി കുറിക്കുക.

- **ഉത്തര സൂചന**

- നഷ്ടപ്പെട്ടുപോകുന്ന മാതൃഭാഷയെക്കുറിച്ചുള്ള ദുഃഖം
- അമ്മയുമായുള്ള പൊക്കിൾക്കൊടി അടർത്തിക്കളഞ്ഞത്.

4. എങ്കിലുമമ്മയൊരോർമ്മയായ്, ആദിമ

സംഗീതമായ് വന്നു മുളുന്നിടയ്ക്കിടെ - വരികൾ നൽകുന്ന അർത്ഥസൂചന എഴുതുക

- **ഉത്തര സൂചന**

ഭാഷയും പാരമ്പര്യവും വ്യക്തി അറിയാതെ പിന്തുടരുന്നു.

**പ്രവർത്തനം II** **(സ്കോർ 2)**

1. മാതൃകപോലെ എഴുതുക

- **ഉത്തര സൂചന**

- ജന്മമാളുക - ജന്മം + ആളുക
- എങ്കിലുമമ്മ - എങ്കിലും + അമ്മ
- ഉള്ളെഴുത്തുകൾ - ഉള്ള് + എഴുത്തുകൾ
- തന്മകൻ - തൻ + മകൻ

2. എത്ര കൗതൂഹലം നോക്കിയാൽ മിണ്ടുമി

ച്ചിത്രലേഖത്തിന്റെ താളുകൾ...

വരികളിൽ പ്രകടമാക്കുന്ന ആശയസൂചനകൾ കുറിക്കുക.

- **മാതൃകപോലെ എഴുതുക**

- നാട്ടുപുരാണങ്ങൾ, വീട്ടുവഴക്കുകൾ, ഉത്സവകാര്യങ്ങൾ, കൃഷി
- വാത്സല്യം, ഉത്കണ്ഠ, സാരോപദേശം

## പ്രവർത്തനം III (സ്കോർ 4)

1. താരാട്ടിലോലുന്ന മാധുര്യമെങ്ങനെ?

   താൻതന്നെ വന്നു പിറന്നതുമെങ്ങനെ?

   വരികൾ വിശകലനം ചെയ്ത് സമകാലസമൂഹത്തെക്കുറിച്ചുള്ള കവിയുടെ വിമർശനങ്ങൾ കണ്ടെത്തിയെഴുതുക?

- **ഉത്തര സൂചന**
  - താരാട്ടിന്റെ മാധുര്യം മറക്കുന്നു
  - തായ്ച്ചൊല്ലിന്റെ താളം മറക്കുന്നു.
  - മാതൃഭാഷയുടെ മാധുര്യം മറക്കുന്നു
  - മാതാവിന്റെയും മാതൃഭാഷയുടെയും തുടിപ്പുകൾ മറക്കുന്നു.

2. "എങ്കിലുമമ്മയൊരോർമ്മയായ് ആദിമ

   സംഗീതമായ് വന്നു മൂളുന്നിടയ്ക്കിടെ"

   ഭാഷയുടേയും പാരമ്പര്യത്തിന്റെയും എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്. കാവ്യസന്ദർഭം മുൻനിർത്തി വിലയിരുത്തുക?

- **ഉത്തര സൂചന**

  മാതാവും മാതൃഭാഷയും ഓർമ്മയിലിടയ്ക്കിടെ തെളിയുന്നു.

  കേട്ടുമറന്ന പാട്ടുകൾ ഹൃദയത്തിൽ നിറയുന്നു

  അമ്മയും മകനുമായുള്ള നാഭീനാളബന്ധം

  ഭാഷയും പാരമ്പര്യവുമായുള്ള നാഭീനാളബന്ധം

3. "കാൽപ്പെട്ടിയിൽ വച്ചു താഴിട്ടു പിന്നിലെ

   ച്ചായ്പിലൊളിപ്പിച്ചാലറിയില്ല കുട്ടികൾ"

   "അമ്മയുടേതാമെഴുത്തുകളൊക്കെയും

   അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ"

വേരറ്റുപോകുന്ന ബന്ധങ്ങളുടെ വേദനിപ്പിക്കുന്ന ചിത്രങ്ങളാണോ ഈ വരികളിൽ തെളിയുന്നത്?

വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- മാതാവിൽ നിന്നും മാതൃഭാഷയിൽ നിന്നും അകന്നുപോകുന്നവർ
- വൈദേശിക സംസ്കാരത്തിന്റെയും ഭാഷയുടേയും കടന്നു കയറ്റം
- ബന്ധങ്ങളും ഭാഷയും വളർത്തിയെടുക്കാത്ത അവസ്ഥ
- മാതൃഭാഷയും മാതാവും പ്രൗഢിക്ക് അന്തസ്സിനും ചേർന്നതല്ലെന്ന തോന്നൽ.

## പ്രവർത്തനം IV (സ്കോർ 6)

1. "നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ

ബിംബമീയാതിഥ്യശാലയിൽ ശോഭനം"

-വി. മധുസൂദനൻനായർ-

"അമ്മ മമ്മിയായന്നേ മരിച്ചു മലയാളം

ഇന്നുള്ളതതിൻ ഡാഡീജഢമാം മലയാളം"

- കുഞ്ഞുണ്ണിമാഷ്-

വരികൾ വിശകലനം ചെയ്ത് മാതൃഭാഷ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു മുഖപ്രസംഗം തയ്യാറാക്കുക?

ഉത്തരഘടന : ശീർഷകം, പ്രശ്നം, വിശകലനം, നിഗമനം, പരിഹാരം

◆ **ഉത്തര സൂചന**

- വൈദേശിക ഭാഷയുടേയും സംസ്ക്കാരത്തിന്റേയും കടന്നുകയറ്റം.
- മലയാളിയുടെ മാറുന്ന മനോഭാവം.
- മാതാവും മാതൃഭാഷയും അന്യമാകുന്നു.
- നിലവിലെ സാമൂഹിക അവസ്ഥകൾ.
- മാതാവും മാതൃഭാഷയും മറ്റെന്തിനേയുംകാൾ പ്രധാനമെന്ന് തിരിച്ചറിവുണ്ടാകണം.
- കുട്ടിക്കാലം മുതൽ കുട്ടികളിൽ ഇതിനുവേണ്ടതായ സാഹചര്യങ്ങൾ ഒരുക്കണം.